പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്

പൂയപ്പള്ളി പി,ഒ, കൊട്ടാരക്കര

ഫോൺ : 04742462027

ഇമെയിൽ : pooyappallypanchayat@gmail.com

നവകേരളത്തിനായി ഗ്രാമപഞ്ചായത്തുകൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി

2021–22 വാർഷിക പദ്ധതി

പദ്ധതി രേഖ



ബഹുമാന്യരേ,

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രസ്ഥാനം കാൽ നൂറ്റാണ്ടുലേക്ക് എത്തിയിരിക്കുന്നു. കഴിഞ്ഞ 25 വർഷത്തെ നമ്മുടെ പ്രവർത്തനങ്ങൾ പ്രാദേശിക വികസനത്തിന് ഒട്ടേറെ നേട്ടങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. ഒൻപതാം പഞ്ചവത്സര പദ്ധതി മുതൽ ഇപ്പോൾ നടപ്പിലായി വരുന്ന 13-ാം പഞ്ചവത്സര പദ്ധതി വരെ ജനങ്ങളോടൊപ്പം കൈകോർത്ത് കൊണ്ട് നിരവധി വികസന മാതൃകകൾ സൃഷ്ടിക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

പുതിയ കേരള സൃഷ്ടിക്കായി രൂപ കല്പന ചെയ്ത ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ഹരിത കേരളം (ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം മുതലായവ) എന്നീ ദൗത്യങ്ങളുടെ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക് നിസ്തലമാണ്. ഈ ദൗത്യങ്ങൾക്ക് ഊർജ്ജമേകുന്ന കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും, ആയവ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വരുന്ന പദ്ധതികളിലും ഈ മേഖലകളിൽ ഊന്നൽ നൽകേണ്ടതുണ്ട്. ഗ്രാമീണ ജനതയുടെ ഏത് വിധത്തിലുള്ള പ്രശ്നങ്ങൾക്കും ആശ്രയിക്കുന്നതിനും, പരിഹാരം നേടുന്നതിനുമുള്ള പ്രാദേശിക സർക്കാരുകളായി ഇന്ന് ഗ്രാമപഞ്ചായത്തുകൾ മാറിക്കഴിഞ്ഞു. ഈ അവസരത്തിലാണ് നമ്മുടെ 2021-22 വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, സ്ഥാപനതല മേധാവികളുടെ യോഗങ്ങൾ, സ്റ്റോക്ക്ഹോൾഡർമാരുടെ യോഗങ്ങൾ, വിവിധ ഗ്രാമസഭാ യോഗങ്ങൾ, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ, പഞ്ചായത്ത് സമിതി യോഗങ്ങൾ, വിദഗ്ദ്ധരുമായുള്ള ആശയ വിനിമയങ്ങൾ എന്നിവയിലൂടെ ഉരുത്തിരിഞ്ഞ് വന്നതാണ് ഇവിടെ അവതരിഷിക്കുന്ന കരട് പദ്ധതി നിർദ്ദേശങ്ങൾ. ഈ കരട് പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ അധ്യായങ്ങളും വിശദമായി ചർച്ച് ചെയ്ത്കൂടുതൽ അർത്ഥ സമ്പുഷ്ടമാക്കേണ്ടതുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിന് വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് പരമാവധി ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന, കാര്യക്ഷമതയുള്ള പദ്ധതികളാണ് നമുക്ക് വിഭാവനം ചെയ്യേണ്ടത്. പഞ്ചായത്തിന് ലഭിക്കുന്ന അധികാരങ്ങളും, വിഭവങ്ങളും ഫലപ്രദമായി ഉപയോഗിച്ച് കൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനുള്ള 2021-22 വർഷത്തെ അന്തിമ പദ്ധതി നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു

ആത്മാർത്ഥതയോടെ,

പൂയപ്പള്ളി
19.02.2021

ജെസ്സി റോയി
പ്രസിഡന്റ്

പൊതുസ്ഥിതി

പഞ്ചായത്ത്	:	പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്
വില്ലേജ്	:	പൂയപ്പള്ളി
ബ്ലോക്ക് പഞ്ചായത്ത്	:	കൊട്ടാരക്കര
താലൂക്ക്	:	കൊട്ടാരക്കര
ജില്ല	:	കൊല്ലം
വിസ്തീർണ്ണം	:	22.28 ച.കി.മീ.
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	1) മൈലോട്
		2) പൂയപ്പള്ളി
		3) കൊട്ടറ
ജില്ല പഞ്ചായത്ത് ഡിവിഷൻ	:	വെളിനല്ലൂർ
അതിരുകൾ		
വടക്ക്	:	വെളിയം ഗ്രാമപഞ്ചായത്ത്
കിഴക്ക്	:	ഇളമാട് ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	:	നെടുമ്പന, കരീപ്ര ഗ്രാമപഞ്ചായത്ത്
തെക്ക്	:	ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്
ജനസംഖ്യ	:	24447 (2011 ലെ സെൻസസ്)
പുരുഷന്മാർ	:	11582
സ്ത്രീകൾ	:	12865
വാർഡുകൾ	:	16
പട്ടികജാതി ജനസംഖ്യ	:	2891
പുരുഷന്മാർ	:	1354
സ്ത്രീകൾ	:	1537
ജനവാസമുള്ള വീടുകൾ	:	8761
പഞ്ചായത്ത് രൂപീകരിച്ച വർഷം	:	1953 ആഗസ്റ്റ് 15
സാക്ഷരത	:	91.76%

ഗ്രാമപഞ്ചായത്ത് ഭരണസമിതി

പ്രസിഡന്റ്	:	ശ്രീമതി. ജെസ്സി റോയി (ചെങ്കുളം വാർഡ്-13)
വൈസ് പ്രസിഡന്റ്	:	ശ്രീ.വിശ്വനാഥൻപിള്ള.എം (കുന്നുംവാരം വാർഡ് 2)
ചെയർപേഴ്സൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീമതി.വസന്തകുമാരി.ബി (കാറ്റാടി വാർഡ് 10)
ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്ര. ജയൻ.റ്റി.ബി (നെല്ലിഷറമ്പ് വാർഡ് 7)
ചെയർപേഴ്സൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി)	:	ശ്രീമതി. ജയാ രാജേന്ദ്രൻ (കൊട്ടറ വാർഡ് 1)
1) മെമ്പർ (തച്ചക്കോട് വാർഡ് 3)	:	ശ്രീ. ശ്രീലാൽ.വി.പി
2) മെമ്പർ (പൂയപ്പള്ളി വാർഡ് 4)	:	ശ്രീ. രാജു ചാവടി
3) മെമ്പർ (കാഞ്ഞിരംപാറ വാർഡ് 5)	:	കുമാരി. ആതിര.റ്റി.എസ്
4) മെമ്പർ (മൈലോട് വാർഡ് 6)	:	ശ്രീമതി. മായ.എസ്
5) മെമ്പർ (വേങ്കോട് വാർഡ് 8)	:	ശ്രീമതി. ശ്രീകല അനിൽ
6) മെമ്പർ (കോഴിക്കോട് വാർഡ് 9)	:	ശ്രീ. ജി.ഗിരീഷ് കുമാർ
7) മെമ്പർ (പയ്യക്കോട് വാർഡ് 11).	:	ശ്രീമതി ശശികല.എൽ
8) മെമ്പർ (കുരിശുംമൂട് വാർഡ് 12)	:	ശ്രീ. ഉദയൻ.ആർ
9) മെമ്പർ (മരുതമൺപള്ളി വാർഡ് 14)	:	ശ്രീമതി. അന്നമ്മ ബേബി
10) മെമ്പർ (പുന്നക്കോട് വാർഡ് 15)	:	ശ്രീമതി. സരിത.വി
11) മെമ്പർ (നാൽക്കവല വാർഡ് 16)	:	ശ്രീമതി. വിനീതാ ജോൺ

മറ്റ് ജനപ്രതിനിധികൾ

എം.പി.	:	ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ
എം.എൽ.എ.	:	ശ്രീ. ജി.എസ്.ജയലാൽ
ജില്ലാ പഞ്ചായത്ത് അംഗം (പൂയപ്പള്ളി)	:	അഡ്വ. എസ്. ഷൈൻ കുമാർ
ബ്ലോക്ക് പഞ്ചായത്ത്	:	
1. മൈലോട് ഡിവിഷൻ	:	ശ്രീമതി. ഗീതാ ജോർജ്ജ്
2. പൂയപ്പള്ളി ഡിവിഷൻ	:	ശ്രീമതി. ബിന്ദു.ബി
3. കൊട്ടറ ഡിവിഷൻ	:	ശ്രീ. ജി. തോമസ്

ആസൂത്രണ സമിതി

ആസൂത്രണ സമിതി അംഗങ്ങൾ

1. ശ്രീ. എം.വിശ്വനാഥൻ പിള്ള, വൈസ് പ്രസിഡൻറ്
2. ശ്രീമതി.ബി.വസന്തകുമാരി ചെയർപേഴ്സൺ ,വികസന സ്റ്റാൻറിംഗ് കമ്മിറ്റി
3. ശ്രീമതി.ജയ രാജേന്ദ്രൻ , ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി
4. ശ്രീ.ജയൻ.ടി.ബി, ചെയർമാൻ, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
5. ശ്രീ.ചന്ദ്രമോഹനൻ നായർ, സൗഹൃദം
6. ശ്രീ.ത്യാഗരാജൻ,പറങ്കിമാംവിളവീട്, കാർത്തിക,
7. ശ്രീ.വേണുഗോപാൽ,മുരളിസദനം
8. ശ്രീ.സുരേഷ് ജേക്കബ്,കൊച്ചുപുത്തൻവീട്,
9. ശ്രീ. രാജഗോപാലൻനായർ ഗോകുലം.
10. ശ്രീ.ഹംസറാവുത്തർ,
11. ശ്രീ.എൻ.രാജശേഖരൻപിള്ള,
12. ബി.സുദർശനൻ കുമാർ,ബാബു വിലാസം

അദ്ധ്യക്ഷൻ : ശ്രീമതി. ജെസ്സിറോയി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

ഉപാദ്ധ്യക്ഷൻ : അഡ്വ. റ്റി. എസ്സ്. പത്മകുമാർ

കൺവീനർ : ശ്രീ. രാജേഷ്കുമാർ. ആർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി

നിർവ്വഹണ ഉദ്യോഗസ്ഥർ

1.	സെക്രട്ടറി	:	ശ്രീ. രാജേഷ്കുമാർ.ആർ
2.	അസിസ്റ്റന്റ് സെക്രട്ടറി	:	ശ്രീ. ബിനു.പി.എൽ
3.	അസിസ്റ്റന്റ് എഞ്ചിനീയർ	:	ശ്രീ. സൈജു.ഒ
4.	കൃഷി ഓഫീസർ	:	ശ്രീമതി. ദിവ്യ.എസ്.എൽ
5.	മെഡിക്കൽ ആഫീസർ (ഹോമിയോ)	:	ഡോ. മിനികുമാരി
6.	മെഡിക്കൽ ആഫീസർ (ആയുർവേദം)	:	ഡോ. ദീപ്തി
7.	വെറ്റിനറി സർജൻ	:	ഡോ. മാലിനി.കെ
8.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	:	ശ്രീമതി .ഉഷാറാണി
9.	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	:	ശ്രീ . പ്രദീപ്കുമാർ , ശ്രീമതി.ആരതികൃഷ്ണ.ജി.ആർ
10.	ഹെഡ്മിസ്ട്രസ് , GWLPS ഓട്ടുമല	:	ശ്രീമതി.ബീന.ജി.ആർ
11.	മെഡിക്കൽ ഓഫീസർ (PHC)	:	ഡോ. വിപിൻ
12.	ഡയറി ഫാം ഇൻസ്ട്രക്ടർ	:	ശ്രീ. സുധീഷ്
13.	ഫിഷറീസ് ഇൻസ്പെക്ടർ	:	ശ്രീ. സോഫ്ജി. എസ്. ഭദ്രൻ

ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ

സെക്രട്ടറി	:	ശ്രീ.രാജേഷ്കുമാർ.ആർ
അസി. സെക്രട്ടറി	:	ശ്രീ. ബിനു.പി.എൽ
ഹെഡ് ക്ലാർക്ക്	:	ശ്രീമതി.സുനിത.ബി
അക്കൗണ്ടന്റ്	:	ശ്രീ. ശ്രീരാജ്.എസ്.എസ്
ലൈബ്രേറിയൻ	:	ശ്രീ. അനിൽകുമാർ. വി
സീനിയർ ക്ലാർക്കുമാർ:		1. ശ്രീ. രാജീവ്.പി
		2. ശ്രീമതി. സ്മിത.എസ്.തുളസി
		3. ശ്രീമതി. ശ്രീരേഖ.റ്റി.എസ്
ക്ലർക്കുമാർ		1. ശ്രീമതി. ലീജ.കെ
		2. ശ്രീ. ചന്ദ്രബാബു.ബി
		3. ശ്രീമതി. ഷനില.വി.ആർ
ഓഫീസ് അറ്റൻഡന്റ്		1. ശ്രീമതി. ബിന്ദു.റ്റി
		2. ശ്രീമതി. ആതിരഗോപിനാഥ്. ജി.എം
എഫ്.റ്റി.എസ്		1. ശ്രീമതി. മേരി.ബി
എൻജിനീയറിംഗ് വിഭാഗം		1. അസി: എൻഞ്ചിനീയർ ശ്രീ. സൈജു.ഒ
		2. ഓവർസീയർ III ഗ്രേഡ് ശ്രീമതി അശ്വതി
		3 ഓവർസീയർ II ഗ്രേഡ് ശ്രീമതി. ഗീത
ടെക്നിക്കൽ അസിസ്റ്റന്റ്	:	ശ്രീ. വിജേഷ്.വി
ജീപ്പ് ഡ്രൈവർ	:	ശ്രീ. രാമചന്ദ്രൻപിള്ള. കെ
വി.ഇ.ഒ	:	ശ്രീ. പ്രദീപ്കുമാർ, ശ്രീമതി. ആരതികൃഷ്ണ.ജി.ആർ
എം.ജി.എൻ.ആർ.ഇ.ജി.എസ്.		
അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ	:	1) ശ്രീമതി. ജയ. എം.എ
		2) ശ്രീ. വിനോദ്. കെ
ഡേറ്റാ എൻട്രി ഓപ്പറേറ്റർ	:	1) ശ്രീമതി. രതി.എസ്.ആർ
		2) ശ്രീമതി. സുനിത.എസ്
പ്രേരക്		
സാക്ഷരത പ്രേരക്	:	ശ്രീമതി. അജിതകുമാരി
സാക്ഷരത പ്രേരക്	:	ശ്രീമതി. ഗീതാമണി

വർക്കിംഗ് ഗ്രൂപ്പുകൾ

1. **കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ**
   ചെയർമാൻ ശ്രീലാൽ.വി.പി, മെമ്പർ 3-ാം വാർഡ്
   കൺവീനർ സെക്രട്ടറി, രാജേഷ്കുമാർ.ആർ
2. **കൃഷി (ഉൽപന്നവും സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ) മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി (മണ്ണ് സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മുതലായവ ഉൾപ്പെടെ)**
   ചെയർമാൻ ആതിര.റ്റി.എസ്, മെമ്പർ വാർഡ്-5
   കൺവീനർ കൃഷി ആഫീസർ, ദിവ്യ.എസ്.എൽ
3. **മൃഗസംരക്ഷണവും ക്ഷീര വികസനവും**
   ചെയർമാൻ ശ്രീകല അനിൽ , മെമ്പർ വാർഡ് 8
   കൺവീനർ വെറ്റിനറി സർജൻ, ഡോ. മാലിനി.കെ
4. **പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം സൂഷ്മ സംരംഭങ്ങൾ ഉൾപ്പെടെ)**
   ചെയർമാൻ ബി.വസന്തകുമാരി, മെമ്പർ 10-ാം വാർഡ്
   കൺവീനർ വി.ഇ.ഒ , ശ്രീജിത്ത്.യു.വി
5. **പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ)**
   ചെയർമാൻ ഉദയൻ.ആർ , മെമ്പർ 12-ാം വാർഡ്
   കൺവീനർ അസിസ്റ്റന്റ് എഞ്ചിനീയർ,എൽ.എസ്.ജി.ഡി സൈജു.ഒ
6. **ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)**
   ചെയർമാൻ സരിത.വി, മെമ്പർ 15-ാം വാർഡ്
   കൺവീനർ അസിസ്റ്റന്റ് സെക്രട്ടറി, ബിനു.പി.എൽ
7. **സാമൂഹ്യനീതി (ഭിന്നശേഷിയുളളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗവിഭാഗം)**
   ചെയർമാൻ ജയൻ.റ്റി.ബി, മെമ്പർ 7-ാം വാർഡ്
   കൺവീനർ ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശ്രീമതി. ഉഷാറാണി
8. **പട്ടികജാതി വികസനം**
   ചെയർമാൻ രാജു ചാവടി, മെമ്പർ 4-ാം വാർഡ്
   കൺവീനർ അസിസ്റ്റന്റ് സെക്രട്ടറി, ബിനു.പി.എൽ
9. **കുടിവെളളം, ശുചിത്വം മുതലായവ**
   ചെയർമാൻ ജി.ഗിരീഷ്കുമാർ, മെമ്പർ 2-ാം വാർഡ്
   കൺവീനർ അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സൈജു.ഒ
10. **വനിത വികസനം**
    ചെയർമാൻ വിനീതാ ജോൺ , മെമ്പർ 16-ാം വാർഡ്
    കൺവീനർ ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശ്രീമതി. ഉഷാറാണി
11. **ആരോഗ്യം**
    ചെയർമാൻ ജയാ രാജേന്ദ്രൻ, മെമ്പർ 1-ാം വാർഡ്
    കൺവീനർ മെഡിക്കൽ ആഫീസർ (പി.എച്ച്.സി) , ഡോ. വിപിൻ
12. **വിദ്യാഭ്യാസം, കലയും, സംസ്കാരവും, യുവജനകാര്യവും**
    ചെയർമാൻ അന്നമ്മബേബി, മെമ്പർ 14-ാം വാർഡ്
    കൺവീനർ ശ്രീമതി.ബീന.ജി.ആർ,ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, ഓട്ടുമല
13. **ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം**
    ചെയർമാൻ ജെസ്സി റോയി, പ്രസിഡന്റ്
    കൺവീനർ സെക്രട്ടറി, രാജേഷ്കുമാർ.ആർ

പതിമൂന്നാം പഞ്ചവത്സരപദ്ധതി 2017/22
2021-22 വാർഷിക പദ്ധതി

അദ്ധ്യായം- 1

വികസന സ്ഥിതി അവസ്ഥ

മനുഷ്യ സമൂഹം അതിന്റെ വളർച്ചയുടെയും, വികസനത്തിന്റെയും ഘട്ടത്തിൽ നിരവധി ദുരന്തങ്ങളെ നേരിടുകയും, അതിനെ അതിജീവിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ മനുഷ്യന്റെ നിയന്ത്രണമില്ലാത്ത പ്രവർത്തനങ്ങൾ മൂലം അഗോള കാലാവസ്ഥ ദോഷകരമായി ബാധിക്കുകയും, അതുമൂലം ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനങ്ങൾക്ക് നാം ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. 2018 ലെയും, 2019 ലെയും മഹാപ്രളയങ്ങൾക്ക് നമ്മുടെ ഗ്രാമപഞ്ചായത്തിന് കാര്യമായ നാശനഷ്ടങ്ങൾ വരുത്തിയില്ല. എന്നാൽ കഴിഞ്ഞ ഒരു വർഷമായി നമ്മെ പിന്തുടരുന്ന കോവിഡ്-19 എന്ന മഹാമാരി നമ്മുടെ സമസ്ത മേഖലകളെയും ഒരുപോലെ ബാധിച്ചിരിക്കുകയാണ്. തദ്ദേക സ്വയം ഭരണ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി ആസൂത്രണം ചെയ്യുകയും ദുരന്തനിവാരണ ആസൂത്രണ രേഖ തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. ലോക്ഡൗൺ കാലയളവിൽ പ്രവർത്തിച്ച സാമൂഹ്യ അടുക്കുള, തുടർന്നുള്ള ജനകീയ ഹോട്ടൽ എന്നിവ നമ്മുടെ പ്രവർത്തന മേഖലയിലെ വേറിട്ട പ്രവർത്തനങ്ങളാണ്.

കാർഷിക പ്രധാനമായ ഒരു സമ്പദ്വ്യവസ്ഥ നിലനിൽക്കുന്ന പ്രദേശമാണ് പൂയപ്പള്ളി പഞ്ചായത്ത്. എന്നാൽ നെൽ കൃഷി ചെയ്യുന്ന ഗണ്യമായി നിലത്തിന്റെ വിസ്തൃതി കുറഞ്ഞു. തെങ്ങുകളുടെ എണ്ണം പകുതിയിൽ താഴെയായി. അതേസമയം റബ്ബർ കൃഷിയുടെ വിസ്തീർണ്ണം വർദ്ധിച്ചു. റബ്ബറിന്റെ വിലയിടിവ് കർഷകരെ സാരമായി ബാധിച്ചിട്ടുണ്ട്. കൃഷിക്കാർ വളരെയധികം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. മൃഗ സംരക്ഷണ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. തീറ്റയുടെ വില കൂടുതൽ, തീറ്റപുൽ കൃഷിയുടെ അഭാവം, സംയോജിത പരിപാടി ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലുമുള്ള പോരായ്മ മുതലായവ ഈ മേഖലയെ ബാധിക്കുന്നു. വ്യാവസായികമായി പിന്നോക്കം നിലക്കുന്ന പ്രദേശമാണ്. പരമ്പരാഗത വ്യവസായമായ കശുവണ്ടി ഫാക്ടറികളും ഏതാനും നെയ്ത്തു സഹകരണസംഘങ്ങളും കേന്ദ്രങ്ങളുമാണ് ഉള്ളത്. ചെറുകിട വ്യവസായ സംരഭങ്ങൾ കുടുംബശ്രീ മുഖേന ആരംഭിച്ചെങ്കിലും വേണ്ടത്ര മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. തൊഴിൽ മേഖലയിൽ മഹാത്മാ ഗാന്ധി തൊഴിലുറപ്പുപദ്ധതി തൊഴിൽ സാധ്യത വർദ്ധിപ്പിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയത് മൂലം

750 ഹെക്ടറോളം അധികമായി കൃഷി ചെയ്യുവും 2.7 ടൺ കാർഷിക ഉല്പന്നങ്ങൾ അതും മായം കലരാത്തതുമായ ഉല്പന്നങ്ങൾ ഉല്പാദിപിക്കുന്നതിനും കഴിഞ്ഞു. മൃഗ സംരക്ഷമേഖലയിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഉത്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പാർപ്പിടം, ഗാർഹിക ശൗചാലയം എന്നിവയുടെ നിർമ്മാണത്തിന് വളരെ പ്രധാന്യം കൊടുത്തുകൊണ്ടുള്ള സമീപനത്തിന്റെ ഫലമായി മുന്നോട്ടു പോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ മേഖലയിൽ അലോപതി,ആയുർവ്വേദം, ഹോമിയോപതി എന്നീ മൂന്നുവിഭാഗങ്ങളിലുള്ള ചികിത്സാ സംവിധാനങ്ങൾ ലഭ്യമാണ്. വിദ്യാഭ്യാസ മേഖലയിലാകട്ടെ പ്രൈമറി സ്കൂളുകളിൽ പോകുന്നതിനുപോലും രണ്ടിലധികം കിലോമീറ്റർ ദൂരം ഉണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് അഞ്ചിലധികം കിലോമീറ്റർ സഞ്ചരിച്ചാൽ മാത്രമേ സ്കൂളിലെത്താൻ കഴിയൂ. 33 അങ്കണവാടികൾ പഞ്ചായത്തിലുണ്ട്, അതിൽ 10 എണ്ണത്തിന് സ്വന്തമായി കെട്ടിടവും സ്ഥലവുമില്ല. സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി വസ്തു വാങ്ങുന്നതിനുള്ള പദ്ധതികൾ നാം ഏറ്റെടുക്കേണ്ടതാണ്. കുടിവെള്ളത്തിന് ബഹുഭൂരിപക്ഷം ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളെയാണ്. വേനൽക്കാലമായാൽ കുടിവെള്ളം ഒരു ഗുരുതര പ്രശ്നമായി മാറുന്നു.ജല ജീവൻ പദ്ധതി പ്രവർത്തനങ്ങളിലൂടെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ള ലഭ്യമാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ നില മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഗാർഹിക പീഡനങ്ങൾക്കിരയാവുന്ന അവസ്ഥ നിലവിലുണ്ട്. വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും കുട്ടികളുടെയും നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. പട്ടികജാതി മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മറ്റു ജന വിഭാഗങ്ങളോടൊപ്പം എത്താൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത നില നിൽക്കുന്നു. വിദ്യാഭ്യാസം, പ്രൊഫഷണൽ വിദ്യാഭ്യാസം, ഉദ്യോഗ നിയമനങ്ങൾ എന്നിവയിലെല്ലാം മറ്റുള്ളവരോടൊപ്പം പിടിച്ചു നില്ക്കാൻ കഴിയുന്നില്ല. സ്ഥിര വരുമാനം ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. അതിന്റേതായ എല്ലാ പോരായ്മകളും നിലനിൽക്കുന്നു .റോഡുകളുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ വൃത്തിയുള്ള റോഡുകൾ കുറവാണ്. പഞ്ചായത്തിന്റെ ആസ്ഥാനമായ പൂയപ്പള്ളിയിൽ എല്ലാ വാർഡുകളിൽ നിന്നും എത്തിച്ചേരുന്നതിനുള്ള ഗതാഗത സൗകര്യം ഇല്ല എന്ന പ്രശ്നവും നിലനിൽക്കുന്നു. ലൈഫ് ഭവന പദ്ധതി ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി പണി പൂർത്തീകരിക്കാതെ കിടന്ന 6 ഭവനങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 46 ഭവനങ്ങളുടെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

അദ്ധ്യായം- 2

നടപ്പ് വാർഷിക പദ്ധതി അവലോകനം

2020-21 വർഷത്തെ പദ്ധതിക്ക് മൊത്തം അടങ്കൽ തുകയായി 9,88,51,194/- രൂപ വകയിരിത്തിയിരുന്നു. ആയതിൽ 3,83,32,668/- രൂപ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആകെയുള്ള 189 പ്രോജക്ടുകളിൽ 107 പ്രോജക്ടുകൾ ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 92 പ്രോജക്ടുകളിൽ 60 എണ്ണം നിർവ്വഹണത്തിന്റെ വിവധ ഘട്ടങ്ങളിലാണ്. 14 എണ്ണം വിവിധ കാരണങ്ങളാൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള ക്ഷാമം പോലെയുള്ള ഗൗരവതരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15,70,000/- രൂപ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് 2018-19 വർഷം ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. പാർപ്പിടം, പശ്ചാത്തല മേഖലകളിൽ കാര്യമായ മുന്നേറ്റമുണ്ടാകാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഉല്പാദന മേഖലയിലെ സ്ഥിതി ഇപ്പോഴും ആശാവാഹമല്ല. കൂടാതെ ലൈഫ് ഭവന പദ്ധതിക്ക് ആവശ്യമായ തുക കണ്ടത്തേണ്ടതിനാൽ ഉല്പാദന മേഖലയ്ക്കുള്ള പദ്ധതി വിഹിതത്തിൽ കുറവ് വരുത്തേണ്ടി വന്നിട്ടുണ്ട്. എ.ബി.സി പദ്ധതി ഫലപ്രദമായി നടപ്പാക്കിയതു മൂലം തെരുവ് നായ്ക്കളുടെ ശല്യം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹിക വിപത്തായി മാറിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ശേഖരണം, സംസ്ക്കരണം, പുനരുപയോഗം എന്നിവയ്ക്കായി എം.ആർ.എഫ് ഷെഡിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളെല്ലാം തന്നെ അതത് മേഖലകളിൽ വിഭാവനം ചെയ്തിരുന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ
ഫോറം – 5
തൻ വർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

പ്രോ നം	പ്രോജക്ടിന്റെ പേര്	പ്രോജക്ട് നടപ്പിലാക്കിയ വർഷം	So/ New	GEN/ SCP/ TSP	സാമ്പത്തികം (രൂപ)	ലക്ഷ്യം		നേട്ടം		പ്രോജക്ടിന്റെ അവസ്ഥ
						ആകെ	ഭൗതികം	ആകെ	ഭൗതികം	
1	പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ്	2020-21	New	GEN	Own Fund - 250000	250000		21353		പൂർത്തീകരിച്ചു
2	ഐ.കെ.എം നു തുക നൽകൽ	2020-21	New	GEN	Development Fund(General) - 78800	78800		78788		പൂർത്തീകരിച്ചു
6	ശാസ്ത്രീയ ഖര മാലിന്യ സംസ്കരണം	2020-21	New	GEN	Beneficiary Contribution/Donations (Remitted to the Panchayat) - 147600 , Centrally Sponsored Scheme Fund - 700000 , Development Fund(CFC tied Grant) - 628400	1476000		0		തുടരുന്നു
7	ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ	2020-21	New	GEN	Maintenance Fund - Non-road Assets - 500000	500000		500000		പൂർത്തീകരിച്ചു
10	ഹരിത കർമ്മ സേന വയബിലിറ്റി ഗ്യാപ് ഫും അനുബന്ധ ചിലവുകൾ	2020-21	New	GEN	Development Fund(CFC tied Grant) - 450000	450000		0		തുടരുന്നു
11	സ്ട്രീറ്റ് ലെറ്റ് സ്ഥാപിക്കലും അറ്റകുറ്റപണികളും	2020-21	New	GEN	Development Fund(CFC Basic Grant) - 85360 , Own Fund - 714640	800000		371729		പൂർത്തീകരിച്ചു
14	പിഎച്ച്സിയിലേക്ക് ജനറേറ്റർ വാങ്ങൽ	2020-21	New	GEN	Maintenance Fund - Non-road Assets - 400000	400000		0		തുടരുന്നു

15	പിഎച്ച്സി വയറിംഗും ഫാർമസി എയർകണ്ടീഷൺ ആക്കൽ	2020-21	New	GEN	Maintenance Fund - Non-road Assets - 250000	250000		0		തുടരുന്നു
19	പി എച്ച് സി സബ്ബ് സെൻറർ ഇലക്ട്രിഫിക്കേഷൻ	2020-21	New	GEN	Maintenance Fund - Non-road Assets - 100000	100000		0		തുടരുന്നു
20	വായനശാല ജംഗ്ഷൻ മിന്നൂർക്കുളം മാടൻനട റോഡ് റീടാറിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 700000	700000		675959		പൂർത്തീകരിച്ചു
21	ലക്ഷംവീട് കോളനി റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 400000	400000		310579		പൂർത്തീകരിച്ചു
23	കരിക്കത്തിൽ ഏലാ റോഡ് പുനരുദ്ധാരണവും കലുങ്ക് നിർമ്മാണവും	2020-21	New	GEN	Development Fund(CFC Basic Grant) - 50000 , Maintenance Fund - Road Assets - 50000	100000		0		തുടരുന്നു
24	പഞ്ചായത്ത് ഓഫീസ് അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി	2020-21	New	GEN	Own Fund - 75000	75000		25608		പൂർത്തീകരിച്ചു
25	സൗപർണിക മൂഴിയിൽ പെരുമ്പഴത്തു റോഡ് റീടാറിംഗ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 100000 , Maintenance Fund - Road Assets - 300000	400000		290206		പൂർത്തീകരിച്ചു
27	കുതിരക്കോട് ഏലാ റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 47890	47890		0		തുടരുന്നു
28	നെയ്തോടു തച്ചക്കോട് പൂയപ്പള്ളി റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 400000 , Own Fund - 200000	600000		0		തുടരുന്നു
31	പഴയ പോസ്റ്റോഫീസ് മാർക്കറ്റ് റോഡ് കോൺക്രീറ്റിംഗ് (നാലാം ഘട്ടം)	2020-21	New	GEN	Development Fund(CFC Basic Grant) - 243680	243680		0		തുടരുന്നു

33	പൂയപ്പള്ളി ഹൈസ്കൂൾ മാർത്തോമാപള്ളി മഞ്ചിലും വിള റോഡ് മെയ്ന്റനൻസ്	2020-21	New	GEN	Maintenance Fund - Road Assets - 600000	600000		580304		പൂർത്തീകരിച്ചു
34	പുഞ്ചിരിമുക്ക് ദുർഗ്ഗാദേവിക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 100000	100000		0		തുടരുന്നു
35	ഇലവാംകോണം സത്യവിലാസം റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 155095	155095		154944		പൂർത്തീകരിച്ചു
38	നെല്ലിഷറമ്പ് ഏലാ റോഡ് റാമ്പ് നിർമ്മാണം	2020-21	New	GEN	Maintenance Fund - Road Assets - 50000	50000		0		തുടരുന്നു
39	പൂയപ്പള്ളി മാർക്കറ്റ് കനാല് റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 164437	164437		0		തുടരുന്നു
40	പാണയം കനാല് റോഡ് കോൺക്രീറ്റിംഗ്	2020-21	New	SCP	Development Fund(S.C.P) - 200000	200000		199819		പൂർത്തീകരിച്ചു
42	പൂയപ്പള്ളി പാണയം റോഡ് റീടാറിംഗ് ഓട നിർമ്മാണവും	2020-21	New	GEN	Maintenance Fund - Road Assets - 300000	300000		0		തുടരുന്നു
44	വേങ്കോട് കോളനി റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 250000	250000		186348		പൂർത്തീകരിച്ചു
45	മേടയിൽ ചാമവിള റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 291000 , Own Fund - 9000	300000		0		തുടരുന്നു
49	പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്	2020-21	New	SCP	Development Fund(S.C.P) - 300000	300000		0		തുടരുന്നു

50	പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്	2020-21	New	SCP	Development Fund(S.C.P) - 573000	573000		205000		പൂർത്തീകരിച്ചു
51	എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി	2020-21	New	SCP	Development Fund(S.C.P) - 875000	875000		0		തുടരുന്നു
56	തച്ചോണം കനാൽ ചരുവിള ഏലാ റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 314971	314971		0		തുടരുന്നു
57	കോഴിക്കോട് മുപ്പള്ളി ഏലാ റോഡ് കലുങ്ക് നിർമ്മാണം	2020-21	New	GEN	Maintenance Fund - Road Assets - 150000	150000		0		തുടരുന്നു
59	കാറ്റാടി മീനാക്ഷിമുക്ക് കോട്ടൂർക്കോണം റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Own Fund - 300000	300000		226800		പൂർത്തീകരിച്ചു
61	എൻ.എസ്സ്.എസ്സ് കരയോഗമന്ദിരം കോഴിക്കോട് എൽ.പി.സ്കൂൾ റോഡ് ബേം കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 350000	350000		0		തുടരുന്നു
62	പയ്യക്കോട് കുന്നുംപുറം റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 163810	163810		0		തുടരുന്നു
63	കാക്കോട് നസീല റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 165927	165927		0		തുടരുന്നു
65	പട്ടാണിമുക്ക് മുടിയൂർക്കോണം റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 250000	250000		0		തുടരുന്നു
66	തണ്ണീർക്കുടി കൊടുമൺ കോളനി റോഡ് കോൺക്രീറ്റിംഗ്	2020-21	New	SCP	Development Fund(S.C.P) - 227000	227000		226968		പൂർത്തീകരിച്ചു

67	തിരിച്ചൻകാവ് പാറയിൽ റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 161654	161654		0		തുടരുന്നു
68	കുരിശിൻമൂട് പാറയിൽ റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 160662	160662		0		തുടരുന്നു
69	പള്ളത്ത് ഏലാ കൊടുമൺ മിച്ചഭൂമി റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 150000	150000		0		തുടരുന്നു
70	തിരിച്ചൻകാവ് കാക്കോട് റോഡ് റീടാറിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 200000	200000		0		തുടരുന്നു
72	ജനകീയ ഹോട്ടൽ	2020-21	New	GEN	Development Fund(General) - 16000 , Own Fund - 184000	200000		0		തുടരുന്നു
73	ഗാർഹിക കുടിവെള്ള കണക്ഷൻ എസ് സി	2020-21	New	SCP	Development Fund(S.C.P) - 200000	200000		35797		പൂർത്തീകരിച്ചു
74	അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി	2020-21	New	GEN	Development Fund(General) - 1100000 , Receipts from other LSG's (Block Panchayats) - 500000 , Receipts from other LSG's (District Panchayat) - 300000 , Centrally Sponsored Scheme Fund - 600000	2500000		831041		പൂർത്തീകരിച്ചു
75	മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	2020-21	New	GEN	Development Fund(General) - 400000 , Own Fund - 100000 , Receipts from other LSG's (Block Panchayats) - 100000 , Receipts from other LSG's (District Panchayat) - 100000	700000		0		തുടരുന്നു

76	സ്മാർട്ട് അംഗനവാടികൾ	2020-21	New	GEN	Maintenance Fund - Non-road Assets - 250000	250000		0		തുടരുന്നു
78	ജൈവ പച്ചക്കറി കൃഷി വികസനം	2020-21	New	GEN	Development Fund(General) - 100000	100000		100000		പൂർത്തീകരിച്ചു
79	സമഗ്ര നെൽകൃഷി വികസനം	2020-21	New	GEN	Development Fund(General) - 700000 , Receipts from other LSG's (Block Panchayats) - 127500 , Receipts from other LSG's (District Panchayat) - 127500 , Beneficiary Contribution (Direct Expenditure) - 72000	1027000		196160		പൂർത്തീകരിച്ചു
80	ഫലവൃക്ഷതൈകൾ വിതരണം	2020-21	New	GEN	Development Fund(General) - 100000	100000		0		തുടരുന്നു
81	വാഴകൃഷി വികസനം	2020-21	New	GEN	Development Fund(General) - 50000	50000		0		തുടരുന്നു
82	കിഴങ്ങ് കൃഷി വികസനം	2020-21	New	GEN	Development Fund(General) - 200000	200000		200000		പൂർത്തീകരിച്ചു
83	ആശ്രയ പദ്ധതി	2020-21	New	GEN	Development Fund(General) - 100000 , Receipts from other LSG's (Block Panchayats) - 100000 , Receipts from other LSG's (District Panchayat) - 100000	300000		0		തുടരുന്നു
84	ഭവന പുനരുദ്ധാരണം (ജനറൽ)	2020-21	New	GEN	Development Fund(General) - 1880000 , Own Fund - 40000	1920000		1200000		പൂർത്തീകരിച്ചു

85	ഭവന പുനരുദ്ധാരണം (എസ് സി)	2020-21	New	SCP	Development Fund(S.C.P) - 1468000 , Own Fund - 32000	1500000		615000		പൂർത്തീകരിച്ചു
86	ലൈഫ് ഭവന പദ്ധതി (ജനറൽ)	2020-21	New	GEN	Development Fund(General) - 3702200 , Receipts from other LSG's (Block Panchayats) - 1500000 , Receipts from other LSG's (District Panchayat) - 1000000 , State Sponsored Scheme Fund - 5000000 , Development Fund(CFC Basic Grant) - 1275423 , Own Fund - 1263918	13741541		7500000		പൂർത്തീകരിച്ചു
87	ലൈഫ് പദ്ധതി മൂന്നാം ഘട്ടം വസ്തു വാങ്ങൽ (പട്ടികജാതി)	2020-21	New	SCP	Development Fund(S.C.P) - 1878263 , Receipts from other LSG's (Block Panchayats) - 1500000 , Receipts from other LSG's (District Panchayat) - 1500000 , State Sponsored Scheme Fund - 1250000 , Own Fund - 508841	6637104		2700000		പൂർത്തീകരിച്ചു
89	ചെങ്കുളം മഞ്ഞാറത്തോട് റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 202296	202296		0		തുടരുന്നു
90	ചെങ്കുളം വൈ എം സി എ റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 83905	83905		0		തുടരുന്നു
91	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	2020-21	New	GEN	Development Fund(General) - 500000 , Receipts from other LSG's (District Panchayat) - 500000	1000000		500000		പൂർത്തീകരിച്ചു
92	ചെങ്കുളം പോസ്റ്റോഫീസ് കൂരോംകുന്ന് റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 55000	55000		0		തുടരുന്നു

93	ചെങ്കുളം തേക്കിൻകാട് പനമുകൾ റോഡ് റീ കോൺക്രീറ്റിംഗ് ബേം കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 200000	200000		0		തുടരുന്നു
94	എസ്.എസ്.എ വിഹിതം അടക്കൽ	2020-21	New	GEN	Own Fund - 68341 , Development Fund(CFC Basic Grant) - 131659	200000		0		തുടരുന്നു
96	പുനർജ്ജനി (പാലിയേററീവ് കെയർ യൂണിറ്റ്)	2020-21	New	GEN	Development Fund(General) - 1000000 , Maintenance Fund - Non-road Assets - 200000	1200000		200250		പൂർത്തീകരിച്ചു
98	പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ	2020-21	New	GEN	Maintenance Fund - Non-road Assets - 500000	500000		500000		പൂർത്തീകരിച്ചു
99	എഫ് എച്ച് സി യായി ഉയർത്തിയതിന്റെ ഭാഗമായി പി.എച്ച്.സിയിലെ താത്കാലിക ജീവനക്കാർക്കുള്ള വേതനം	2020-21	New	GEN	Own Fund - 500000	500000		454900		പൂർത്തീകരിച്ചു
100	എഫ്എച്ച്സിയിലേക്ക് ഫർണിച്ചർ വാങ്ങൽ	2020-21	New	GEN	Maintenance Fund - Non-road Assets - 400000	400000		0		തുടരുന്നു
101	കുറവുംമൂല എൽ.എം.എസ്സ് എൽ.പി.സ്കൂൾ റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 117500	117500		117434		പൂർത്തീകരിച്ചു
102	മരുതമൺപള്ളി വേങ്കിലഴികത്തു റോഡ് റീ ടാറിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 300000	300000		0		തുടരുന്നു
105	പുന്നക്കോട് പുള്ളിമാർകുന്ന് യോഗീശ്വരക്കാവ് വയലിക്കട റോഡ് പുനരുദ്ധാരണം	2020-21	New	GEN	Development Fund(CFC Basic Grant) - 285275 , Maintenance Fund - Road Assets - 190000	475275		0		തുടരുന്നു
107	മരുന്ന് വാങ്ങൽ (ഹോമിയോ ഡിസ്പെൻസറി)	2020-21	New	GEN	Maintenance Fund - Non-road Assets - 300000	300000		300000		പൂർത്തീകരിച്ചു

109	കന്നുകുട്ടി പരിപാലനം	2020-21	New	GEN	Development Fund(General) - 600000 , Beneficiary Contribution/Donations (Remitted to the Panchayat) - 600000	1200000		0		തുടരുന്നു
110	കറവ പശു വിതരണം (വനിത)	2020-21	New	GEN	Development Fund(General) - 800000 , Beneficiary Contribution (Direct Expenditure) - 800000	1600000		600000		പൂർത്തീകരിച്ചു
111	വയലിക്കട റോഡിൽ നിന്നും തോട്ടിലേക്ക് റാമ്പ് നി?മ്മാണം	2020-21	New	GEN	Maintenance Fund - Road Assets - 50000	50000		0		തുടരുന്നു
112	പോത്ത്കുട്ടി വിതരണം (വനിത)	2020-21	New	GEN	Development Fund(General) - 256000 , Beneficiary Contribution/Donations (Remitted to the Panchayat) - 256000	512000		480000		പൂർത്തീകരിച്ചു
113	മൃഗാശുപത്രിക്കു മരുന്ന് വാങ്ങൽ	2020-21	New	GEN	Maintenance Fund - Non-road Assets - 150000	150000		0		തുടരുന്നു
115	എ ബി സി പ്രോഗ്രാം	2020-21	New	GEN	Development Fund(General) - 100000 , Own Fund - 100000	200000		0		തുടരുന്നു
116	പുന്നക്കോട് വാച്ചിക്കോണം റോഡ് ബേം കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 300000	300000		0		തുടരുന്നു
117	സ്നേഹാലയം വിളഷുറം റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Own Fund - 150000	150000		0		തുടരുന്നു
118	വിളക്കാട്ടു ഭാഗം തൊടിയിൽ റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 100000	100000		98805		പൂർത്തീകരിച്ചു

119	എസ്സ്.എൻ.വി.യു.പി എസ്സ് മുണ്ടൂർക്കോണം റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 98711	98711		98710		പൂർത്തീകരിച്ചു
120	കൊച്ചുകുട്ടിപ്പടി മാടവന ഏലാ റോഡ് റാമ്പ് നിർമ്മാണം	2020-21	New	GEN	Maintenance Fund - Road Assets - 49000	49000		42146		പൂർത്തീകരിച്ചു
121	സാമിൽ ജംഗ്ഷൻ കുന്നത്തുവിള റോഡ് മെയിന്റനൻസ്	2020-21	New	GEN	Maintenance Fund - Road Assets - 49000	49000		42793		പൂർത്തീകരിച്ചു
122	സാമിൽ ജംഗ്ഷൻ നെയ്തോടു ഹരിജൻ കൈത്തറി റോഡ് റീ ടാറിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 210000	210000		0		തുടരുന്നു
123	പാലൂ?ക്കോണം മാടവന എല്ലാ റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 49000	49000		0		തുടരുന്നു
124	പാണയം തഴേ മൂഴി റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 100000	100000		80695		പൂർത്തീകരിച്ചു
125	പാലമുക്ക് ക്യാഷ്യൂ ഫാക്ടറി ജംഗ്ഷൻ കുളത്തൂർകാവ് ക്ഷേത്രം റോഡ് റീടാറിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 300000	300000		0		തുടരുന്നു
126	കുന്നുവിള റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 150000	150000		119599		പൂർത്തീകരിച്ചു
128	താഴേമൂഴി പൂവോട് റോഡ് പാർശ്വഭിത്തി നിർമ്മാണം കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 171954 , Maintenance Fund - Road Assets - 117000	288954		0		തുടരുന്നു
129	ഇളവാം കോണം പൂവോട് ഏലാ കലുങ്ക് നിർമ്മാണം	2020-21	New	GEN	Own Fund - 260000	260000		0		തുടരുന്നു

130	താഴേമൂഴി കനാല് റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 200000	200000		165967		പൂർത്തീകരിച്ചു
132	ലക്ഷംവീട് ക്യാഷ്യൂ ഫാക്ടറി ഇളവാം കോണം റോഡ് കോൺക്രീറ്റിംഗ്	2020-21	New	SCP	Development Fund(S.C.P) - 156737	156737		156535		പൂർത്തീകരിച്ചു
134	പുന്നക്കാട് കോഴിക്കോട് ഏലാ റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 96905	96905		0		തുടരുന്നു
135	കുരിശി?മൂട് പറോട് കിഴക്കുഭാഗം കോളനി നടപ്പാത കോൺക്രീറ്റിംഗ്	2020-21	New	SCP	Development Fund(S.C.P) - 100000	100000		0		തുടരുന്നു
136	മരുതമൺപള്ളി വലിയപ്പള്ളി വാച്ചിക്കോണം കലുങ്ക് അറ്റകുറ്റപണി	2020-21	New	GEN	Own Fund - 50000	50000		0		തുടരുന്നു
137	പൊതു കിണറുകളുടെ സംരക്ഷണം	2020-21	New	GEN	Development Fund(CFC tied Grant) - 100000	100000		0		തുടരുന്നു
139	പൊതു കുളങ്ങളുടെ സംരക്ഷണം	2020-21	New	GEN	Development Fund(CFC tied Grant) - 2000000	2000000		0		തുടരുന്നു
140	മൃഗാശുപത്രി നവീകരണം	2020-21	New	GEN	Maintenance Fund - Non-road Assets - 50000	50000		0		തുടരുന്നു
141	ഒട്ടുമല എൽ.പി സ്കൂൾ നവീകരണം	2020-21	New	GEN	Maintenance Fund - Non-road Assets - 210000	210000		0		തുടരുന്നു
142	അംഗനവാടി നവീകരണം	2020-21	New	GEN	Maintenance Fund - Non-road Assets - 326883 , Own Fund - 3117	330000		0		തുടരുന്നു
143	ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി	2020-21	New	GEN	Development Fund(General) - 300000	300000		0		തുടരുന്നു

146	ലൈഫ് പദ്ധതി രാം ഘട്ടം	2020-21	New	SCP	Development Fund(S.C.P) - 1000000 , Receipts from other LSG's (Block Panchayats) - 600000 , Receipts from other LSG's (District Panchayat) - 300000 , State Sponsored Scheme Fund - 600000	2500000		1500000		പൂർത്തീകരിച്ചു
147	നഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും ശുചീകരണ തൊഴിലാളികൾക്ക് ഗംബൂട്ട് , മാസ്ക്, ഗ്ലൗസ് എന്നിവ വാങ്ങി നൽകൽ	2020-21	New	GEN	Own Fund - 150000	150000		0		തുടരുന്നു
148	പട്ടാണി മുക്ക് മുടിയൂർക്കോണം തെക്കേക്കര കോളനി റോഡ് കോൺക്രീറ്റിംഗ്	2020-21	SO	SCP	Development Fund(S.C.P) - 311856	311856		311725		പൂർത്തീകരിച്ചു
149	തച്ചോണം ചരുവിള ഏല റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 220000 , Development Fund(CFC Basic Grant) - 490193	710193		707078		പൂർത്തീകരിച്ചു
150	എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി	2020-21	SO	SCP	Development Fund(S.C.P) - 400000	400000		300000		പൂർത്തീകരിച്ചു
151	വയോജനങ്ങൾക്ക് കട്ടിൽ	2020-21	SO	SCP	Development Fund(S.C.P) - 348000 , Own Fund - 0	348000		348000		പൂർത്തീകരിച്ചു
152	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	2020-21	SO	GEN	Development Fund(General) - 0 , Receipts from other LSG's (Block Panchayats) - 200000 , Receipts from other LSG's (District Panchayat) - 0	200000		200000		പൂർത്തീകരിച്ചു
153	ഹരിത കർമ്മ സേന വയബിലിറ്റി ഗ്യാപ് ഫണ്ട്	2020-21	SO	GEN	Development Fund(General) - 221000	221000		88000		പൂർത്തീകരിച്ചു

154	സമഗ്ര നെൽകൃഷി വികസനം	2020-21	SO	GEN	Development Fund(General) - 493300 , Receipts from other LSG's (Block Panchayats) - 102000 , Receipts from other LSG's (District Panchayat) - 102000 , Beneficiary Contribution (Direct Expenditure) - 72000	769300		342800		പൂർത്തീകരിച്ചു
155	കാറ്റാടി കോട്ടേക്കോണം കുരിശ്ശിൻമൂട് റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Development Fund(CFC Basic Grant) - 238500	238500		238162		പൂർത്തീകരിച്ചു
156	ഓട്ടുമല നെടുമല റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Development Fund(CFC Basic Grant) - 224100	224100		219900		പൂർത്തീകരിച്ചു
157	പാലാംകോണം തലയ്ക്കൽ ചേക്കോട് ഏലാ റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Development Fund(CFC Basic Grant) - 331006	331006		322593		പൂർത്തീകരിച്ചു
158	കുതിരക്കോട് ഏല റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Development Fund(CFC Basic Grant) - 246960	246960		246958		പൂർത്തീകരിച്ചു
159	പാണുവേലിൽ കല്ലിക്കോണം ഏല റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Development Fund(CFC Basic Grant) - 305196	305196		305076		പൂർത്തീകരിച്ചു
160	കുന്നിൽ റോഡ് പുനരുദ്ധാരണം	2020-21	SO	GEN	Development Fund(CFC Basic Grant) - 311610	311610		310601		പൂർത്തീകരിച്ചു
161	കോടീലാഴികത്തു റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Development Fund(CFC Basic Grant) - 202100	202100		202035		പൂർത്തീകരിച്ചു
162	ആലുമുക്ക് വായനശാല റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 246960	246960		246959		പൂർത്തീകരിച്ചു

163	പഴയപോസ്റ്റോഫീസ് മാർക്കറ്റ് റോഡ് കോൺക്രീറ്റിംഗ് മൂന്നാം ഘട്ടം	2020-21	SO	GEN	Maintenance Fund - Road Assets - 218790	218790		218520		പൂർത്തീകരിച്ചു
164	റേഷൻ കട ജംഗ്ഷൻ കോണത്തു റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 210480	210480		210285		പൂർത്തീകരിച്ചു
165	കൊച്ചഴികത്തു കോണത്തു റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 224730	224730		224670		പൂർത്തീകരിച്ചു
166	മണ്ണാർകോണം കശുവണ്ടി ഫാക്ടറി റോഡ് റീ കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 85000 , Development Fund(CFC Basic Grant) - 0	85000		83357		പൂർത്തീകരിച്ചു
167	താഴേ മൂഴി ഇളവാംകോണം ഏല റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 376662	376662		366427		പൂർത്തീകരിച്ചു
168	കാഞ്ഞിരംപാറ പടിഞ്ഞാറു കായില ഏല റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 166320	166320		166179		പൂർത്തീകരിച്ചു
169	നെല്ലിപ്പറമ്പ് വടക്കേക്കര ഏല റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 244440	244440		241376		പൂർത്തീകരിച്ചു
170	സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മിച്ചു നൽകുക	2020-21	SO	GEN	Development Fund(General) - 400000 , Development Fund(CFC Basic Grant) - 104000	504000		356623		പൂർത്തീകരിച്ചു
171	മുകോണം നെല്ലിപ്പറമ്പ് ഏല റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 232260	232260		232249		പൂർത്തീകരിച്ചു

172	പാണയം നിരപ്പുവിള റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 148000	148000		147435		പൂർത്തീകരിച്ചു
173	പൂയപ്പള്ളി പാണയം റോഡ് റീകോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 65000	65000		62776		പൂർത്തീകരിച്ചു
174	പൂയപ്പള്ളി പൊയ്കവിള കനാല് റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 150588	150588		150428		പൂർത്തീകരിച്ചു
175	നേതാജി ക്ലബ് ബസേലിയോസ് മരുതമൺപള്ളി റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 680000 , Development Fund(CFC Basic Grant) - 74348	754348		754316		പൂർത്തീകരിച്ചു
176	സാമിൽ ജംഗ്ഷൻ ഭഗവതികര റോഡ് റീടാറിങ്	2020-21	SO	GEN	Maintenance Fund - Road Assets - 358436	358436		314259		പൂർത്തീകരിച്ചു
177	പുതിയ തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ	2020-21	SO	GEN	Development Fund(CFC Basic Grant) - 474000	474000		473201		പൂർത്തീകരിച്ചു
178	ആലുംമുക്ക് കോളമത്ത് ക്ഷേത്രം റോഡ് കോണ്ക്രീ റ്റിംഗ്	2020-21	SO	GEN	Development Fund(CFC Basic Grant) - 123000	123000		118952		പൂർത്തീകരിച്ചു
179	മണ്ണാർകോണം കശുവി ഫാക്ടറി റോഡ് റീ കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 83000	83000		79053		പൂർത്തീകരിച്ചു
180	പാലൂർക്കോണം മാടവന ഏലാ റോഡ് കോണ്ക്രീ റ്റിംഗ്	2020-21	SO	GEN	Development Fund(CFC Basic Grant) - 100000	100000		97402		പൂർത്തീകരിച്ചു

181	സ്നേഹാലയം വിളപ്പുറം റോഡ് കോണ്ക്രീറ്റിംഗ്	2020-21	SO	GEN	Development Fund(CFC Basic Grant) - 100000	100000		97402		പൂർത്തീകരിച്ചു
182	ഐ.എസ്.ഒ ഓഫീസ് റൂം നവീകരണവും, റെക്കോർഡ് റൂം സജ്ജമാക്കലും	2020-21	SO	GEN	Own Fund - 210399	210399		102045		പൂർത്തീകരിച്ചു
183	13ാം വാർഡിറൽ മിനിമാസ്റ്റ് സ്ഥാപിക്കൽ	2020-21	SO	GEN	Development Fund(CFC Basic Grant) - 80000	80000		0		
184	ഗ്രാമകേന്ദ്രം വാടക, അനുബന്ധ പ്രവർത്തനങ്ങൾ	2020-21	SO	GEN	Own Fund - 179323	179323		35971		പൂർത്തീകരിച്ചു
185	ലൈഫ് ഭവന പദ്ധതി (ജനറൽ)	2020-21	SO	GEN	Development Fund(General) - 0 , Receipts from other LSG's (Block Panchayats) - 990087 , Loans from Financial Institutions - 8800000 , Receipts from other LSG's (District Panchayat) - 627384 , State Sponsored Scheme Fund - 3600000	14017471		1220273		പൂർത്തീകരിച്ചു
186	ഹരിത ഭവനം കിണർ റീചാർജ്ജ്	2020-21	SO	GEN	Development Fund(General) - 88000	88000		40000		പൂർത്തീകരിച്ചു
187	ഭവന പുനരുദ്ധാരണം (ജനറൽ)	2020-21	SO	GEN	Development Fund(General) - 0 , Own Fund - 799788	799788		40042		പൂർത്തീകരിച്ചു
188	ഭവന പുനരുദ്ധാരണം (എസ് സി)	2020-21	SO	SCP	Development Fund(S.C.P) - 375000	375000		208140		പൂർത്തീകരിച്ചു
189	ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം	2020-21	SO	GEN	Centrally Sponsored Scheme Fund - 12000 , Own Fund - 3400	15400		15400		പൂർത്തീകരിച്ചു
190	സാക്ഷരത തുല്യത പരീക്ഷ	2020-21	SO	GEN	Own Fund - 200000	200000		124400		പൂർത്തീകരിച്ചു

191	മുട്ടക്കോഴി വളർത്തൽ (വനിത പദ്ധതി)	2020-21	SO	GEN	Development Fund(General) - 43525 , Beneficiary Contribution/Donations (Remitted to the Panchayat) - 123750 , Own Fund - 20000	187275		60225		പൂർത്തീകരിച്ചു
192	കന്നുകുട്ടി വിതരണം (വനിത പദ്ധതി)	2020-21	SO	GEN	Development Fund(General) - 190000 , Beneficiary Contribution/Donations (Remitted to the Panchayat) - 500000	690000		260000		പൂർത്തീകരിച്ചു
193	ആട് ഗ്രാമം	2020-21	SO	GEN	Development Fund(General) - 136500 , Beneficiary Contribution/Donations (Remitted to the Panchayat) - 161000	297500		38500		പൂർത്തീകരിച്ചു
194	പട്ടികജാതി വനിതകൾക്ക് പെണ്ണാട്	2020-21	SO	SCP	Development Fund(S.C.P) - 152250 , Beneficiary Contribution/Donations (Remitted to the Panchayat) - 75250	227500		61250		പൂർത്തീകരിച്ചു
195	പുന്നക്കോട് വാച്ചിക്കോണം കോളനി മരുതമൺപള്ളി റോഡ് കോൺക്രീറ്റിംഗ്	2020-21	SO	GEN	Maintenance Fund - Road Assets - 800000 , Development Fund(CFC Basic Grant) - 1	800001		800000		പൂർത്തീകരിച്ചു
196	അംഗനവാടികളുടെ നവീകരണം	2020-21	SO	GEN	Maintenance Fund - Non-road Assets - 577739	577739		562638		പൂർത്തീകരിച്ചു
197	കോഴി വിതരണം ജനറൽ	2020-21	New	GEN	Development Fund(General) - 240000 , Beneficiary Contribution/Donations (Remitted to the Panchayat) - 240000	480000		141300		പൂർത്തീകരിച്ചു
198	കോഴി വിതരണം എസ്സി	2020-21	New	SCP	Development Fund(S.C.P) - 180000	180000		0		തുടരുന്നു

200	സുഭിക്ഷ കേരളം പദ്ധതി തരിശ് നിലത്തിലെ നെൽകൃഷി വികസനം	2020-21	New	GEN	Development Fund(General) - 160000 , Beneficiary Contribution (Direct Expenditure) - 160000	320000		0		തുടരുന്നു
201	സുഭിക്ഷ കേരളം പദ്ധതി തരിശ് നിലത്തിലെ പച്ചക്കറി കൃഷി വികസനം	2020-21	New	GEN	Development Fund(General) - 80000 , Receipts from other LSG's (Block Panchayats) - 80000	160000		0		തുടരുന്നു
202	സുഭിക്ഷ കേരളം പദ്ധതി തരിശ് നിലത്തിലെ വാഴ കൃഷി വികസനം	2020-21	New	GEN	Development Fund(General) - 70000 , Receipts from other LSG's (Block Panchayats) - 70000	140000		0		തുടരുന്നു
203	സുഭിക്ഷ കേരളം പദ്ധതി തരിശ് നിലത്തിലെ കിഴങ്ങു കൃഷി വികസനം	2020-21	New	GEN	Development Fund(General) - 60000 , Receipts from other LSG's (Block Panchayats) - 60000	120000		0		തുടരുന്നു
204	സുഭിക്ഷ കേരളം പദ്ധതി തരിശ് നിലത്തിലെ പയറു വർഗ്ഗ കൃഷി വികസനം	2020-21	New	SCP	Development Fund(General) - 30000	30000		0		തുടരുന്നു
205	മത്സ്യകൃഷി വികസനം	2020-21	New	GEN	Development Fund(General) - 82000 , Receipts from other LSG's (District Panchayat) - 246000 , State Sponsored Scheme Fund - 164000 , Beneficiary Contribution (Direct Expenditure) - 738000	1230000		0		തുടരുന്നു
207	പഞ്ചായത്ത് ഓഫീസിലേക്ക് ടെലിവിഷൻ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങൽ	2020-21	New	GEN	Own Fund - 70000	70000		0		തുടരുന്നു
208	തെരുവു വിളക്കുകളുടെ പരിപാലനം	2020-21	New	GEN	Development Fund(CFC Basic Grant) - 180656 , Own Fund - 31941	212597		65714		പൂർത്തീകരിച്ചു

210	കാഞ്ഞിരംപാറ പടിഞ്ഞാറേകോളനി ഇളവാംകോണം ഏല റോഡ് കോൺക്രീറ്റിംഗും റാമ്പ് നിർമാണവും	2020-21	New	SCP	Development Fund(S.C.P) - 114523	114523		0		തുടരുന്നു
211	പഞ്ചായത്ത് ഓഫീസ് നവീകരണം	2020-21	New	GEN	Development Fund(General) - 199900	199900		0		തുടരുന്നു
212	സ്ക്കൂളുകളിൽ ഏറോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ (തുമ്പൂർമൂഴി മോഡൽ)	2020-21	New	GEN	State Sponsored Scheme Fund - 861500	861500		652357		പൂർത്തീകരിച്ചു
213	നസീല തിയേറ്റർ ജുമാ മസ്ജിദ് റോഡ് റീടാറിങ് വാർഡ് 11	2020-21	New	GEN	Maintenance Fund - Road Assets - 197583	197583		0		തുടരുന്നു
214	പട്ടാണിമുക്ക് കാക്കോട് ഏല റോഡ് കോൺക്രീറ്റിംഗ്, പാർശ്വഭിത്തി നിർമ്മാണം	2020-21	New	GEN	Development Fund(CFC Basic Grant) - 175287 , Maintenance Fund - Road Assets - 200000	375287		358701		പൂർത്തീകരിച്ചു
215	ചെങ്കുളം പറമ്പ് റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 226800	226800		210279		പൂർത്തീകരിച്ചു
216	പ്രൈമറി ഹെൽത്ത് സെന്റർ നവീകരണം	2020-21	New	GEN	Maintenance Fund - Non-road Assets - 273117	273117		0		തുടരുന്നു
217	സ്കൂളുകളുടെ നവീകരണം	2020-21	New	GEN	Maintenance Fund - Non-road Assets - 364292	364292		0		തുടരുന്നു
218	എൻ.എസ്.എസ്.കരയോഗ മന്ദിരം സ്വാമിമുക്ക് റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 135598	135598		134457		പൂർത്തീകരിച്ചു
219	ഓട്ടുമല കോളനി റോഡ് കോൺക്രീറ്റിംഗ്	2020-21	New	SCP	Development Fund(S.C.P) - 284700	284700		0		തുടരുന്നു

220	കുടുംബശ്രീ ഓഫീസ് റൂം മേൽക്കൂര സീലിംഗ്	2020-21	New	GEN	Own Fund - 200000	200000		112148		പൂർത്തീകരിച്ചു
221	പി.എച്ച്.സിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിന് സാഹചര്യം ഒരുക്കൽ	2020-21	New	GEN	Maintenance Fund - Non-road Assets - 61000 , Own Fund - 39000	100000		0		തുടരുന്നു
222	മൂഴിയിൽ ജംഗ്ഷൻ കൊക്കോട് ആറ്റുതീരം റോഡ് കോണ്ക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 141500	141500		122670		പൂർത്തീകരിച്ചു
223	മാവേലി ജംഗ്ഷൻ മേമംഗലം റോഡ് റീ കോണ്ക്രീറ്റിംഗ്	2020-21	New	GEN	Maintenance Fund - Road Assets - 125000	125000		104980		പൂർത്തീകരിച്ചു
224	കനകുന്ന് തഴിഞ്ഞിയിൽ കലുങ്ങ് നിർമ്മാണം	2020-21	New	GEN	Maintenance Fund - Road Assets - 130000	130000		0		തുടരുന്നു
225	തേക്കിന്കാട് അരീത്തോട്ടം റോഡ് റീകോണ്ക്രീറ്റിംഗ് വാർഡ് 13	2020-21	New	GEN	Maintenance Fund - Road Assets - 23000	23000		0		തുടരുന്നു
227	വയോമിത്രം ആയൂർവേദ മരുന്ന് വിതരണം	2020-21	New	GEN	Maintenance Fund - Non-road Assets - 200000	200000		200000		പൂർത്തീകരിച്ചു
228	മൈലോട് എച്ച് എസ് ജംഗ്ഷൻ നെല്ലിപ്പറമ്പ് ക്ഷേത്രം റോഡ് പുനരുദ്ധാരണവും പാർശ്വഭിത്തി നിർമ്മാണവും	2020-21	New	GEN	Maintenance Fund - Road Assets - 300000	300000		299481		പൂർത്തീകരിച്ചു
229	മിൽ ജംഗ്ഷൻ ഭഗവതിക്കര റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Own Fund - 300000	300000		235084		പൂർത്തീകരിച്ചു
230	പോത്തുകുട്ടി വിതരണം പട്ടിക ജാതി വനിതാ	2020-21	New	SCP	Development Fund(S.C.P) - 312000 , Beneficiary Contribution/Donations (Remitted to the Panchayat) - 104000	416000		300000		പൂർത്തീകരിച്ചു

231	മരുതമൺപള്ളി സാമില്ല് ഏലാ റോഡ് കോൺക്രീറ്റിംഗ്	2020-21	New	GEN	Development Fund(CFC Basic Grant) - 152593	152593		152593		പൂർത്തീകരിച്ചു
232	സ്നേഹാലയം ചെമ്പകശ്ശേരി ഏലാ റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New		Maintenance Fund - Road Assets - 49000	49000		0		തുടരുന്നു
234	വേങ്കിലഴികം പുന്നക്കോട് പാലത്തിന് സൈഡ് കെട്ടി ബലപ്പെടുത്തുക	2020-21	New	GEN	Maintenance Fund - Road Assets - 42500	42500		0		തുടരുന്നു
235	കുന്നുംവാരം ഖാദി റോഡ് നിർമ്മാണം	2020-21	New	SCP	Development Fund(S.C.P) - 200000	200000		191967		പൂർത്തീകരിച്ചു
236	കാഞ്ഞിരംപാറ പടിഞ്ഞാറ് കായില ഏലാ റോഡിൽ കായില തോടിന് കുറുകെ നടപ്പാലം	2020-21	New		Maintenance Fund - Road Assets - 49000	49000		0		തുടരുന്നു
237	സി എഫ് എൽ റ്റി സി സംവിധാനം ഒരുക്കൽ	2020-21	New		Development Fund(General) - 2500000	2500000		0		തുടരുന്നു
238	ജലജീവൻ മിഷൻ പദ്ധതി	2020-21	New		Beneficiary Contribution/Donations (Remitted to the Panchayat) - 135000 , Own Fund - 202500	337500		0		തുടരുന്നു
239	പഞ്ചായത്ത് ഓഫീസിന് മാലിന്യ സംസ്ക്കരണ പ്ലാൻറ് (തുമ്പൂർമൂഴി മാതൃക)	2020-21	New		Development Fund(CFC tied Grant) - 400000	400000		0		തുടരുന്നു
240	ചേക്കോട് ഏലാ തോടിന് തടയണ നിർമ്മാണവും ജല സംരക്ഷണ പ്രവർത്തനങ്ങളും	2020-21	New		Development Fund(CFC tied Grant) - 500000	500000		0		തുടരുന്നു
242	മാവേലി ജംഗ്ഷൻ മേമംഗലം റോഡ് റീ കോൺക്രീറ്റിംഗ്	2020-21	New		Maintenance Fund - Road Assets - 176667	176667		0		തുടരുന്നു

245	ജിലാ ആസൂത്രണ സമിതി മന്ദിര നിർമ്മാണം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ	2020-21	New		Own Fund - 150000	150000		150000		പൂർത്തീകരിച്ചു
247	അംഗൻവാടികളിൽ ബേബി ഫ്രഡി ടോയിലറ്റ്	2020-21	New		Development Fund(CFC tied Grant) - 1491600	1491600		0		തുടരുന്നു
248	ഗ്രാമപഞ്ചായത്തിൻറെ 5 വർഷത്തെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഡോക്യൂമെൻറേഷൻ	2020-21	New		Own Fund - 100000	100000		0		തുടരുന്നു
249	ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	2020-21	New		Own Fund - 100000	100000		34940		പൂർത്തീകരിച്ചു
250	നാൽക്കവല മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പൊതു ശൈചാലയ നിർമ്മാണവും അനുബന്ധ സൌകര്യങ്ങളും	2020-21	New		State Sponsored Scheme Fund - 66000 , Own Fund - 134000	200000		0		തുടരുന്നു
251	പിഎച്ച്സി യിലേക്ക് ഇസിജി മെഷ്യൻ ഹെമറ്റോളജി അനലൈസർ ലാബ് റീജൻറ് ഡ്രസ്സിംഗ് റുമിലേക്കുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങൽ	2020-21	New		Maintenance Fund - Non-road Assets - 320000	320000		206640		പൂർത്തീകരിച്ചു
252	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ	2020-21	New		Own Fund - 150000	150000		0		തുടരുന്നു
253	ലൈഫ് മിഷൻ എസ്സി അധിക ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ പദ്ധതി	2020-21	New		State Sponsored Scheme Fund - 7000000 , Loans from Financial Institutions - 15400000	22400000		0		തുടരുന്നു

അദ്ധ്യായം III
പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും

1. പൊതു ഭരണവും ധനകാര്യവും മേഖലയുടെ ഇന്നത്തെ അവസ്ഥ
(കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ മുതലായവ)

പഞ്ചായത്തിന്റെ വികസന പ്രവർത്തനരീതി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സുതാര്യവും സംശുദ്ധവും ആക്കുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്ക് അവ എത്രയും പെട്ടെന്ന് കാര്യക്ഷമമായി ലഭ്യമാകുന്നതിനു വേണ്ട സജ്ജീകരണങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് അനുസരിച്ച് ഭൗതിക സാഹചര്യങ്ങളും വർദ്ധിപ്പിക്കണം. സേവനങ്ങൾ സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം 2010 മുതൽ പ്രാബല്യത്തിൽ വന്നു. നിലവിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ, അക്കൗണ്ടിംഗ്, സേവന പെൻഷനുകൾ, ഫ്രണ്ട് ഓഫീസ്, എസ്റ്റാബ്ലിഷ്മെന്റ്, പദ്ധതി രൂപീകരണം,കെട്ടിട നികുതി അസസ്മെന്റ്, ഡിമാന്റ്, കുടിശ്ശിക രജിസ്റ്ററുകൾ എന്നിവയും കമ്പ്യൂട്ടർവൽക്കരിച്ചത് വഴി ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ലഘുതരവുമാകുന്നു. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഹോമിയോ ഡിസ്പെൻസറിയ്ക്ക് എല്ലാ സജ്ജീകരണങ്ങളോടും കൂടിയ കെട്ടിടം പ്രഥമ പരിഗണന നൽകി ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ മറ്റു സ്ഥാപനങ്ങളായ ആയുർവേദ ഡിസ്പെൻസറി, മൃഗാശുപത്രി, എൽ.എസ്.ജി.ഡി ഓഫീസ്, കൃഷി ഓഫീസ് എന്നിവയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാകത്തക്ക വിധത്തിൽ സജ്ജീകരിക്കണം.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

എല്ലാ പഞ്ചായത്ത് ഓഫീസുകളിലുമെന്ന പോലെ ജീവനക്കാരുടെ അപര്യാപ്തത ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. കാലാനുസൃതമായ പരിഷ്ക്കരണങ്ങൾ കൈമാറിക്കിട്ടിയ എല്ലാ ഓഫീസുകളിലും നടത്തിയിട്ടില്ല.പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനും വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും കൂടുതൽ വരുമാന സ്രോതസ്സുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

പരിഹാര മാർഗങ്ങൾ

1. സ്റ്റാഫ് പാറ്റേൺ പുതുക്കുകയും കൂടുതൽ ജീവനക്കാരെ വിന്യസിക്കുകയും ചെയ്യുക.
2. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം ദ്രുതഗതിയിൽ പൂർത്തീകരിക്കുക.
3. പുതുതായി സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർക്ക് മതിയായ പരിശീലനം ലഭ്യമാക്കുക.
4. മറ്റ് വരുമാന സ്രോതസ്സുകൾ കണ്ടെത്തുക.

2. കൃഷി,മത്സ്യബന്ധനം ,തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണം,പരിസ്ഥിതി സംരക്ഷണം)

മേഖലയുടെ ഇന്നത്തെ അവസ്ഥ

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് കൃഷിയാണ്. ഭാരതത്തിന്റെ സ്ഥായിയായ പുരോഗതിയിൽ കാർഷിക മേഖല അതിപ്രധാനമായ പങ്ക് വഹിക്കുന്നു. കാർഷികവൃത്തി മുഖ്യ ഉപജീവനോപാധിയായി സ്വീകരിച്ചിട്ടുള്ള പഞ്ചായത്താണ് നമ്മുടേത്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ കാർഷികാഭിവൃദ്ധിക്ക് വഴിയൊരുക്കിയിട്ടുണ്ടെങ്കിലും തേങ്ങ, നെല്ല്, മരിച്ചീനി മുതലായ കാർഷികവിളകൾക്ക് മതിയായ താങ്ങുവില ഇല്ലാത്തതിനാൽ കർഷകർ കൂടുതലും റബ്ബർ പോലുള്ള ആദായകരമായ കൃഷികളിലേക്ക് മാറുന്നു. നമ്മുടെ പരമ്പരാഗതമായ കൃഷികളായിരുന്ന കിഴങ്ങുവർഗവിളകൾ, പയർവർഗവിളകൾ മുതലായവക്കും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മണ്ണ്, ജലം, ജൈവ സമ്പത്ത്, പരമ്പരാഗത വിളകൾ എന്നിവ സംരക്ഷിക്കുന്ന തരത്തിലുള്ള കൃഷിരീതികളാണ് നാം പ്രോത്സാഹിപ്പിക്കേണ്ടത്, വിവിധ കാർഷിക പ്രവർത്തികൾക്ക് കർമ്മസേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പ്രദേശത്തെ പ്രധാന വിളകളും വിസ്തീർണവും

നെല്ല്	-	100 ഹെക്ടർ (കൃഷി ചെയ്യുന്നത് 40 ഹെക്ടർ)
തെങ്ങ്	-	700 ഹെക്ടർ
റബ്ബർ	-	1400 ഹെക്ടർ
കുരുമുളക്	-	60 ഹെക്ടർ
വാഴ	-	250 ഹെക്ടർ
പച്ചക്കറി	-	30 ഹെക്ടർ
കിഴങ്ങുവർഗ വിളകൾ	-	100 ഹെക്ടർ
മറ്റു വിളകൾ	-	200 ഹെക്ടർ

നിലനിൽക്കുന്ന പ്രശ്നങ്ങൾ

- **നെല്ല്**

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ 250 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തിയിരുന്നത്, ഓരോ വർഷം കഴിയും തോറും മരിച്ചീനി, വാഴ, റബ്ബർ, തെങ്ങ് മുതലായ കൃഷികൾക്കായും , നിലം നികത്തൽ മൂലവും കുറഞ്ഞു വരുകയാണ്.മഴക്കാലത്ത് മഴവെള്ളത്താലും വേനൽക്കാലത്ത് കെ.ഐ.പി കനാൽ വെള്ളത്താലും കൃഷി ചെയ്യാൻ കഴിയാത്ത 30 ഹെക്ടറോളം നെൽവയലുകൾ താമരശ്ശേരി , അറക്കര, മാലയിൽ, അവഞ്ഞിയിൽ എന്നീ ഏലാകളിലായി കിടക്കുന്നു. ഒന്നാം വിളക്കാലത്ത് 15 ഹെക്ടർ നിലവും രണ്ടാം വിളക്കാലത്ത് 50 ഹെക്ടർ നിലവും കൃഷി ചെയ്തു വരുന്നു.കൃഷി വകുപ്പ് പദ്ധതികളിലൂടെയും ത്രിതല പഞ്ചായത്ത് പദ്ധതികളിലൂടെയും കർഷകർക്ക് അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ, വളം എന്നിവ വിത

രണം ചെയ്തു വരുന്നു. ഉഴവ്, നടീൽ, കൊയ്ത്തുമെതി യന്ത്രങ്ങളും ലഭ്യമാക്കിയിട്ടുണ്ടണ്ട്. നിലവിവുള്ള ഉല്പാദന ക്ഷമത ഒരു ഹെക്ടറിന് 5000 കിലോഗ്രാമാണ്. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണ്.

- **തെങ്ങ്**

തെങ്ങ് കൃഷിയും ഇന്ന് വളരെയധികം പ്രതിസന്ധി നേരിടുകയാണ്. കാറ്റുവീഴ്ച, ഓലചീയൽ, കൂമ്പു ചീയൽ, മണ്ടരി രോഗങ്ങളാലും കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നിവയുടെ ആക്രമണത്താലും തെങ്ങുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. നാളികേരത്തിനും വെളിച്ചെണ്ണയ്ക്കും മതിയായ വില ലഭിക്കുന്നില്ല. കർഷകർ തെങ്ങുകൃഷി ഉപേക്ഷിച്ച് വരുമാനം കൂടുതൽ ലഭിക്കുന്ന റബ്ബർ കൃഷിയിലേക്ക് ചേക്കേറുകയാണ്. ത്രിതല പഞ്ചായത്തുകളും നാളികേര വികസന ബോർഡും കൃഷി വകുപ്പും ചേർന്ന് പദ്ധതികൾ തെങ്ങ് കൃഷിയെ വളരെ അധികം സഹായിക്കേണ്ടതുണ്ട്.

- **വാഴ**

നമ്മുടെ പഞ്ചായത്തിൽ വാഴ 150 ഹെക്ടർ സ്ഥലത്ത് തനിവിളയായും 100 ഹെക്ടർ സ്ഥലത്ത് ഇടവിളയായും കൃഷി ചെയ്യുന്നു. നേന്ത്രൻ, ഞാലിപ്പൂവൻ, കപ്പവാഴ മുതലായ ഇനങ്ങൾ കൃഷി ചെയ്തു വരുന്നു. ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിക്കുന്നതും വിപണന സൗകര്യവും കൃഷി വകുപ്പിന്റേയും ത്രിതല പഞ്ചായത്തുകളുടെ സഹായവും വാഴകൃഷിക്ക് പുതിയ ഉണർവേകിയിട്ടുണ്ടണ്ട്.

- **പച്ചക്കറി കൃഷി**

തനി വിളയായി 15 ഹെക്ടറും ഇടവിളയായി 15 ഹെക്ടറും സ്ഥലത്ത് പച്ചക്കറി കഷി ചെയ്തു വരുന്നു.കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചക്കറി ക്ലസ്റ്ററുകൾ, കുടുംബശ്രീ വഴി നടപ്പാക്കുന്ന പദ്ധതികൾ, ത്രിതല പഞ്ചായത്ത് പദധതികൾ എന്നിവയിലൂടെ പച്ചക്കറി ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

- **കിഴങ്ങു വർഗ്ഗവിളകൾ**

ചേന, കാച്ചിൽ, കിഴങ്ങുവർഗങ്ങൾ എന്നിവ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്നു. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി കിഴങ്ങുവർഗവിളകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. എന്നാൽ വിപണി ലഭിക്കുന്നതിനാൽ വിപണനത്തിന് പ്രയാസം ഇല്ല.

- **കുരുമുളക് കൃഷി**

നമ്മുടെ പഞ്ചായത്തിൽ തോട്ടമായി കൃഷി ചെയ്തു വന്നിരുന്ന കുരുമുളക് കൃഷി ഇന്ന് ഇടവിള കൃഷയായി കുറഞ്ഞിരിക്കുന്നു. റബ്ബറിന്റെ കടന്നു കയറ്റം മൂലം കുരുമുളക് കൃഷി ആദായകരമല്ലാതായി മാറിയിരിക്കുന്നു.

- **റബ്ബർ**

പഞ്ചായത്തിലെ 1400 ഹെക്ടർ സ്ഥലത്തും റബ്ബർ കൃഷി നടത്തിയിരുന്നു. എന്നാൽ റബ്ബറിന്റെ വിലക്കുറവ് റബ്ബർ കർഷകരെ റബ്ബർ കൃഷിയിൽ നിന്നും അകറ്റുന്നു. അവർ മറ്റ് കൃഷി മടങ്ങിവരുന്ന കാഴ്ച്ചയാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് കാർഷിക മേഖലയ്ക്ക് ഒരു പുതിയ കരുത്താർജ്ജിച്ച നേട്ടമായിരിക്കും.

പരിഹാര മാർഗ്ഗങ്ങൾ

1. നെൽകൃഷി വികസനത്തിന് മേൽത്തരം വിത്ത്,വളം എന്നിവ യൂണിറ്റടിസ്ഥാനത്തിൽ നൽകുന്നു.

2. ഉഴവ്, നടീൽ,കൊയ്ത്തു മെതിയന്ത്രങ്ങൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് വിദഗ്ദ്ധ പരിശീലനം ലഭിച്ച് രൂപീകരിക്കപ്പെട്ട സമിതികളെ പ്രോത്സാഹിപ്പിക്കുക.
3. വെള്ളം കെട്ടി കൃഷിയോഗ്യമല്ലാത്ത 30 ഹെക്ടറോളം സ്ഥലം സ്ഥലം സൈഡ് തോടുകളും ഏലാ നടുത്തോടുകളും സൈഡ് കെട്ടി ആഴം കൂട്ടി ജലനിർഗ്ഗമനം സാദ്ധ്യമാക്കി കൃഷിയോഗ്യമാക്കുക
4. അന്യം നിന്നു പോകുന്ന കൃഷി വിളകൾക്ക് വേണ്ട പ്രോത്സാഹനം നൽകുക.
5. ഔഷധസസ്യകൃഷി,സുഗന്ധവ്യഞ്ജനകൃഷി എന്നിവ പ്രോത്സാഹിപ്പിയ്ക്കുക
6. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിയ്ക്കുക.ഈ രംഗത്തേയ്ക്ക് വരുന്നതിന് യുവാക്കളെ പ്രോത്സാഹിപ്പയ്ക്കുക
7. പാടശേഖര സമിതികളുടെ ഏകോപിപ്പിച്ച പ്രവർത്തനം ശക്തിപ്പെടുത്തുക
8. ഉദ്പാദന ക്ഷമത വർദ്ധിപ്പിയ്ക്കുക
9. എം.ജി.എൻ.ആർ.ഇ.ജി.എസ്, കുടുംബശ്രീ എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൃഷി വിപുലീകരുക്കുന്നതിന് പ്രോത്സാഹനം നൽകുക.

3. മൃഗസംരക്ഷണവും ക്ഷീരവികസനവും

മേഖലയുടെ ഇന്നത്തെ അവസ്ഥ

കഴിഞ്ഞകാല പഞ്ചവത്സരപദ്ധതികളിലൂടെ അഭിനന്ദനീയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ മേഖലയാണ് മൃഗ സംരക്ഷണം. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലിക ളുടെ വംശ വർദ്ധനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. ചുരുങ്ങിയ സമയത്തിനു ള്ളിൽ കൂടുതൽ ആദായം ലഭ്യമാക്കുന്ന അപൂർവ്വം ചില തൊഴിൽ മേഖലകളിൽ ഒന്നാണ് മൃഗ സംര ക്ഷണം.ഗ്രാമീണ ജനതയക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ, ദൈനംദിന വരുമാനവർദ്ധനവ്, പോഷകപ്ര ധാനമായ ഭക്ഷ്യ വസ്തുക്കൾ, ഊർജ സ്രോതസ്സ്, ജൈവവളങ്ങൾ, മൃഗശക്തി, ഔഷധ ഉല്പാദനം എന്നിവ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകളാണ്.

പൂയപ്പള്ളി പഞ്ചായത്തിൽ 60% കുടുംബങ്ങളിൽ കന്നുകാലികളെ വളർത്തുന്നുണ്ടണ്ട്. എന്നാൽ കന്നു കാലി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളത് 25% കുടുംബങ്ങൾ മാത്രമാണ്. പലപ്പോഴും പാലിന്റെ ഉല്പാദനച്ചെലവും ഉല്പാദകന് കിട്ടുന്ന വിലയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എന്നാൽ പാൽ വിപണനരംഗത്ത് നമ്മുടെ പഞ്ചായത്തിൽ ബുദ്ധിമുട്ട് നേരിടുന്നില്ല.

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ കലയക്കോട് മേലേപ്പുര എന്ന സ്ഥലത്താണ് മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത്.1991-ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. കൂടാതെ ഓടനാവട്ടത്ത് ഒരു ഐ.സി.ഡി.പി സബ് സെന്ററും പ്രവർത്തിക്കുന്നുണ്ടണ്ട്. ഈ സ്ഥാപനങ്ങൾ പഞ്ചായത്തിലെ കന്നുകാലി പ്രവർത്തനങ്ങൾക്ക് മാർഗദർശനം നൽകുകയും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു. പൂയപ്പള്ളി, മരുതമൺപള്ളി, കുരിശുംമൂട്, കൊട്ടറ എന്നീ ഭാഗങ്ങളിൽ ക്ഷീരസഹകരണ സംഘങ്ങൾ സ്ഥിതി

ചെയ്യുന്നുണ്ട്. എ.ബി.സി പദ്ധതി നടപ്പിലാക്കുക വഴി തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്

നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. നല്ലയിനം കന്നുകുട്ടികളുടെ അഭാവം
2. കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ്
3. മേച്ചിൽപ്പുറങ്ങളുടെ അഭാവം, പച്ചപ്പുല്ലിന്റെ അപര്യാപ്തത, തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിനുള്ള അലംഭാവം.
4. ശാസ്ത്രീയ മൃഗപരിപാലന രീതിയിലുള്ള അജ്ഞത
5. നല്ലയിനം കോഴികളുടെ ലഭ്യതക്കുറവും തുടർച്ചയായി ഉണ്ടാകുന്ന രോഗങ്ങളും
6. പുതിയ തലമുറ ഈ രംഗത്തോടു കാണിക്കുന്ന വിമുഖത
7. സ്ഥല ലഭ്യത
8. പാൽകറവക്കാരുടെ ലഭ്യതക്കുറവ്

പരിഹാരമാർഗ്ഗങ്ങൾ

1. അത്യുൽപാദന ശേഷിയുള്ള പശുക്കളെ വിതരണം ചെയ്യുക.
2. കൂടുതൽ വെറ്ററിനറി സബ്സെന്ററുകൾ ആരംഭിക്കുക.
3. കർഷകർക്ക് സൗജന്യനിരക്കിൽ മരുന്നുകൾ ലഭ്യമാക്കുക.
4. കാലിത്തൊഴുത്ത് നിർമാണം, ഗോബർ ഗ്യാസ്പ്ലാന്റ് എന്നിവയ്ക്ക് ധനസഹായം നൽകുക.
5. കാർഷികമേഖലയും മൃഗസംരക്ഷണമേഖലയും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക.
6. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുക.
7. പ്രതിരോധ കുത്തിവയ്പ്, മറ്റ് ചികിത്സാസൗകര്യങ്ങൾ എന്നിവയ്ക്കായി മൊബൈൽ മെഡിക്കൽ യൂണിറ്റ് രൂപീകരിക്കുക.
8. മേച്ചിൽപ്പുറങ്ങളിൽ അഴിച്ചുവിട്ട് വളർത്താവുന്നതും പ്രത്യേകിച്ച് ഭക്ഷണച്ചെലവ് ആവശ്യമില്ലാത്തതും ഒരു വർഷം കൊണ്ട് മൂന്നിരിട്ടി ലാഭം ഉണ്ടാക്കാവുന്നതുമായ പോത്തിൻകുട്ടികളെ വിതരണം ചെയ്യാവുന്നതാണ്.
9. തീറ്റപ്പുൽകൃഷിയ്ക്ക് ആവശ്യമായ ധനസഹായം നൽകുക. മൃഗാശുപത്രി കോമ്പൗണ്ടിൽ തരിശായി കിടക്കുന്ന സ്ഥലത്ത് തീറ്റപുൽകൃഷി ചെയ്തത് മാതൃകയാക്കാവുന്നതാണ്.
10. മൃഗാശുപത്രി വിതരണം ചെയ്യുന്ന പക്ഷി മൃഗാദികളെ പരിപാലിച്ച് വരുന്നത് മോണിറ്റർ ചെയ്യുക.

4. പ്രാദേശിക സാമ്പത്തിക വികസനം

മേഖലയുടെ ഇന്നത്തെ അവസ്ഥ

പദ്ധതികൾ പലതുകഴിഞ്ഞിട്ടും വ്യവസായികമായി കാര്യമായ ഒരു നേട്ടവും അവകാശപ്പെടാൻ കഴിയാത്ത അവസ്ഥയിലാണ് പൂയപ്പള്ളി പഞ്ചായത്ത്. വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം എന്നീ മേഖലക

ളിൽ വളരെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും വ്യവസായിക കാർഷിക മേഖലകളിൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.കാർഷിക മേഖലയേയും വ്യാവസായിക മേഖലയേയും പരസ്പരം സഹായിക്കുന്ന ഘടനയാണ് നമുക്ക് വേണ്ടണ്ടത്. ജനനിബിഢമായ ഭൂപ്രകൃതിയും പരിമിതമായ വിഭവശേഷിയും പൂർണ്ണമായി വിനിയോഗിക്കപ്പെടാത്ത മനുഷ്യശേഷിയും പരിഗണിക്കുമ്പോൾ വിഷം തുപ്പുന്ന വൻകിട വ്യവസായങ്ങളേക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ചെറുകിയ വ്യവസായങ്ങളും വ്യവസായ ഗ്രൂപ്പുകളും ആണ് പഞ്ചായത്ത് പ്രദേശത്ത് അഭിഷണീയം.

1950 കളിൽ കശുവണ്ടി, കൈത്തറി, ഖാദി, ഇരുമ്പുപണി, ഈറ്റപണി, കലം നിർമ്മാണം ഫർണീച്ചർ നിർമ്മാണം, സ്വർണ്ണപണി എന്നിങ്ങനെയുള്ള ചില പാരമ്പര്യവ്യവസായ സംരംഭങ്ങൾ പഞ്ചായത്തിന് അവകാശപ്പെടാൻ കഴിയുമായിരുന്നു. പക്ഷേ ഇന്ന് പാരമ്പര്യ വ്യവസായങ്ങൾ പലതും അന്യം നിന്നു പോയിരിക്കുന്നു. കൂടുതൽ പേർ ,വിശേഷിച്ചും സ്ത്രീകൾ ഏർപ്പെടുന്ന ഒരു തൊഴിൽ മേഖലയാണ് തയ്യലും റെഡി മെയ്ഡ് വസ്ത്രനിർമ്മാണവും.അച്ചടി, ബുക്ക് ബൈന്റിംഗ് മേഖലയിലായി പ്രസ്സുകളും ബുക്ക് ബൈന്റിംഗ് യൂണിറ്റുകളും പരിമിതമായി പ്രവർത്തിക്കുന്നുണ്ടണ്ട്. ഹോളോ ബ്രിക്സ്, ഇഷ്ടികനിർമാണരംഗത്തും വിവിധ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടണ്ട്. പാറക്വാറികൾ, വെട്ടുകല്ല് നിർമാണം എന്നീ മേഖലയിലും നിരവധി പേർ പണിയെടുക്കുന്നു. ഇതു കൂടാതെ ഫർണീച്ചർ നിർമാണശാലകൾ, ലെയ്ത്തുകൾ, എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ, ടയർ റീബട്ടൺ ചെയ്യുന്ന സ്ഥാപനങ്ങൾ, ആട്ടോ മൊബൈൽ ഷോപ്പുകൾ, ഫോട്ടോ സ്റ്റുഡിയോകൾ, മോട്ടോർ വയന്റിംഗ് റിപ്പയർ സ്ഥാപനങ്ങൾ, റേഡിയോ, വാച്ച് റിപ്പയർ & അസംബ്ലി യൂണിറ്റുകൾ, പാൽ ഉല്പന്നനിർമ്മാണയൂണിറ്റുകൾ, അപ്പോൾസ്റ്ററി യൂണിറ്റുകൾ, ഇരുമ്പുപണിശാലകൾ, കൊപ്രാ സംഭരണം സംസ്കരണ യൂണിറ്റുകൾ, എണ്ണയാട്ടുമില്ലുകൾ, തടിമില്ലുകൾ എന്നിവയും പഞ്ചായത്തിലെ വ്യവസായ യൂണിറ്റുകളായുണ്ടണ്ട്.

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുടുംബങ്ങൾ, പ്രത്യേകിച്ച് വനിതകൾ ആശ്രയിക്കുന്ന വ്യവസായമാണ് കശുവണ്ടി വ്യവസായം. ഏകദേശം 10-ഓളം ഫാക്ടറികൾ ഉണ്ടായിരുന്നിടത്ത് ഇന്ന് ഒന്നോ രണ്ടോ ഫാക്ടറികൾ മാത്രമാണ് പ്രവർത്തക്ഷമമായിട്ടുള്ളത്. ഇത് ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ല് ചിന്നഭിന്നമാക്കിയിരിക്കുകയാണ്.

കൈത്തറി മേഖലയൽ 4 സംഘങ്ങളിലായി നൂറുകണക്കിന് തൊഴിലാളികൾ പണിയെടുത്തിരുന്നു. എങ്കിലും ഇന്ന് പരിമിതമായ തൊഴിലാളികൾ മാത്രമാണ് ഈ രംഗത്ത് പണിയെടുക്കുന്നത്.

<u>നിലനിൽക്കുന്ന പ്രശ്നങ്ങൾ</u>

1. തൊഴിൽ വൈദഗ്ദ്ധ്യക്കുറവ്, സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കുറവ്.
2. വ്യവസായിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള നൂലാമാലകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥ.
3. ചെറുകിട സംരംഭകരുടെ സാമ്പത്തികമില്ലായ്മ
4. അസംസ്കൃത സാധനങ്ങളും ഉല്പന്നങ്ങളും ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ചെലവു കുറഞ്ഞ മെച്ചപ്പെട്ട സംവിധാനത്തിന്റെ അപര്യാപ്തത.

5. വിപണന സാദ്ധ്യതയുടെ അപര്യാപ്തത
6. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം
7. കർക്കശമായ സർക്കാർ നടപടിക്രമങ്ങൾ
8. സ്ഥലസൗകര്യത്തിന്റെ കുറവ്
9. മാനേജ്മെന്റിന്റെ പ്രാപ്തിക്കുറവ്
10. ലാഭകരമല്ലാത്ത യൂണിറ്റുകൾ ആരംഭിക്കേണ്ടി വരുക.

പ്രശ്നപരിഹാര മാർഗ്ഗങ്ങൾ

1. താൽപര്യമുള്ളവർക്ക് തൊഴിൽ പരിശീലനം നൽകുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസരീതി നിർബന്ധമാക്കുക.
2. പി.എം.ആർ.വൈ, എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം നടപ്പാക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ബി. പി. എൽ കുടുംബങ്ങളെ പ്രാപ്തരാക്കുക. ധനസഹായത്തോത് ഉയർത്തുക.
3. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക. ഫീസ് കുറയ്ക്കുക. ഇതര ഊർജ്ജസ്രോതസുകൾ കൂടി ഉപയോഗിക്കുക.
4. പുതിയ ഗതാഗതസൗകര്യങ്ങൾ സർക്കാർ ചുമതലയിൽ ഏർപ്പെടുത്തണം.
5. ചെറുകിട യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് പൊതുവായ ബ്രാന്റ് നെയിം നൽകി ഐ.എസ്. ഐ. അഗ്മാർക്ക് മുദ്രകൾ നേടി, ഗുണനിലവാരം ഉറപ്പാക്കി വിൽപ്പന നടത്തുന്ന പൊതു യൂണിറ്റുകൾ സർക്കാർ ചുമതലയിൽ സ്ഥാപിക്കണം.
6. അസംസ്കൃത സാധനങ്ങളുടെ ലഭ്യത തുടക്കത്തിൽ തന്നെ ഉറപ്പു വരുത്തണം.
7. വിവിധ ലൈസൻസുകൾ, ഫീസിബിലിറ്റി, ക്ലിയറൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ എന്നിവ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കണം. മറ്റു സംസ്ഥാനങ്ങളെ പോലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ലഘൂകരിച്ച് വ്യവസായികളെ പ്രോത്സാഹിപ്പിക്കുക.
8. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സിസ്റ്റം നടപ്പാക്കുക.
9. ഉല്പന്ന നിർമ്മാണത്തിലെ എല്ലാ ഘട്ടത്തിലും സമഗ്ര ജാഗ്രത പുലർത്തി കേടായതും നിലവാരം കുറഞ്ഞതുമായ ഉല്പന്നങ്ങളുടെ നിർമ്മാണം ഒഴിവാക്കി ലാഭം വർദ്ധിപ്പിക്കാവുന്നതാണ്.
10. സമഗ്രമായി വിലയിരുത്തി സാധ്യതകൾ പരിശോധിച്ച ശേഷം മാത്രം പുതിയ വ്യവസായങ്ങൾ ആരംഭിക്കുക.

വികസന സാധ്യതകൾ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

1. കാർഷിക മേഖലയേയും വ്യവസായിക മേഖലയേയും പരസ്പരം സഹായിക്കുന്ന റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, നാളികേര ഉല്പന്നവ്യവസായങ്ങൾ, പഴ സംസ്കരണ, പാനീയ വ്യവസായങ്ങൾ, ആഹാര പദാർത്ഥങ്ങളുടെ നിർമ്മാണയൂണിറ്റ് എന്നിവയ്ക്ക് മുൻതൂക്കം നൽകാം.

2. വീട്ടാവശ്യത്തിനുപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിങ് യൂണിറ്റ്, സി.എഫ്.എൽ നിർമ്മാണയൂണിറ്റ്, ഡിസ്പോസിബിൾ സിറിഞ്ച്, നീഡിൽ എന്നിവയുടെ നിർമ്മാണയൂണിറ്റ് എന്നിവയും പരിഗണിക്കാവുന്നതാണ്.
3. ഒരു വ്യവസായയൂണിറ്റ് മറ്റൊന്നിന് പൂരകമാകുന്ന ശൈലി സ്വീകരിക്കാവുന്നതാണ്. ഉദാഹരണമായി ഒരു നാളീകേര സംഭരണ സംസ്കരണയൂണിറ്റ് ആരംഭിക്കുമ്പോൾ തന്നെ അതോടൊപ്പം എണ്ണയാട്ട് സംസ്കരണയൂണിറ്റ്, പച്ചത്തൊണ്ടുണ്ട് സംസ്കരണ യൂണിറ്റ്, തേങ്ങാപൗഡർ, ചമ്മന്തി യൂണിറ്റ്, തേങ്ങാവെള്ള പാനീയ യൂണിറ്റ്, കയർമാറ്റ് നിർമ്മാണ യൂണിറ്റ് എന്നിവ ആരംഭിക്കാവുന്നതാണ്. ഓരോ യൂണിറ്റിലേയും ഉല്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കുകയോ മാതൃസ്ഥാപനം ശേഖരിച്ച് വിതരണം ചെയ്യുന്ന രീതി സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്. അനുബന്ധയൂണിറ്റുകൾക്ക് സാധിക്കുമെങ്കിൽ അംഗങ്ങളുടെ ഭവനം തന്നെ തെരഞ്ഞെടുക്കാവുന്നതാണ്.

5. പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ)

ഇന്നത്തെ അവസ്ഥ

ഒരു പഞ്ചായത്തിന്റെ വികസനത്തിന്റെ നെടുംതൂണാണ് ഗതാഗത സൗകര്യം. സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയ്ക്ക് അതിപ്രധാനമായ പങ്ക് വഹിക്കുന്നത് ഗതാഗത സൗകര്യങ്ങളാണ്. റോഡുകളുടേയും പാലങ്ങളുടേയും എണ്ണം കൂടിയിട്ടുണ്ടെങ്കിലും ഈ മേഖലയിൽ നമ്മുടെ ആവശ്യങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. നമ്മുടെ പഞ്ചായത്തിന്റെ ആകെയുള്ള ഗതാഗതമാർഗ്ഗം റോഡുകളാണെന്നിരിക്കെ ഈ രംഗത്ത് എത്ര കണ്ടുണ്ട് പുരോഗതിയുണ്ടുണ്ടായാലും നമുക്ക് പൂർണ്ണമായി തൃപ്തിയാവുകയില്ല. ഈ പഞ്ചായത്തിലെ 19 വാർഡുകളിലായി 38.32 കി.മീ. ടാർ റോഡും 103.06 കി.മീ. കോൺക്രീറ്റ് റോഡും 14.9 കി.മീ. മെറ്റൽ റോഡും നിലവിലുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവയ്ക്കുള്ള കാരണങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ ഓടനാവട്ടം, പൂയപ്പള്ളി ജംഗ്ഷനുകൾ വാഹന ഗതാഗതതടസ്സം മൂലം വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. പൂയപ്പള്ളി ജംഗ്ഷനിലെ റോഡുകളുടെ വിസ്തൃതിയില്ലായ്മ, വാഹനങ്ങളുടെ ബാഹുല്യം എന്നിവ ഗതാഗതകുരുക്കുണ്ടാക്കുന്നു. വെളിയം, ഓടനാവട്ടം എന്നിവിടങ്ങളിലെ ഓട്ടോ, ടാക്സി പാർക്കിംഗ് സൗകര്യം പരിമിതമായതും ഗതാഗതം ബുദ്ധിമുട്ടിലാക്കുന്നു. വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണവും റോഡുകളുടെ അപര്യാപ്തതയും, വികസനത്തിന് വഴിമുട്ടായി നിൽക്കുന്നു. ഗ്രാമീണറോഡുകൾ പരസ്പരം ബന്ധിപ്പിക്കുക എന്ന യജ്ഞം നൂറുശതമാനം വിജയമായില്ല എന്നുതന്നെ പറയാം. ചുങ്കത്തറപ്പാലം, തുറവൂർ പാലം, പുല്ലാഞ്ഞിക്കാട്ടു പാലം, അറക്കടവുപാലം, അറവലക്കുഴിപാലം എന്നിവ ഒറ്റപ്പൊക്ക പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന പാലങ്ങളാണ്. സംസ്ഥാന സർക്കാരിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസപദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം 48 ലക്ഷം രൂപ റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ അനുവദിച്ചിട്ടുണ്ട്. ലഭിക്കുന്ന പദ്ധതി വിഹിതം നിർബന്ധ പ്രോജക്ടുകൾക്ക് വേണ്ടുന്നി വിനിയോഗിച്ചു കഴിഞ്ഞാൽ പുതിയ റോഡു നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാനുള്ള തുക ഇന്ന് ലഭ്യമല്ല.

പരിഹാരമാർഗ്ഗങ്ങൾ

1. ഓടകൾ നികന്നും മെയിന്റനൻസ് കാലാകാലങ്ങളിൽ നടക്കാത്തതു മൂലവും ഗ്രാമീണ റോഡുകൾ നശിക്കാതെ സംരക്ഷിക്കുക.
2. ഗ്രാമീണ റോഡുകളുടെ കൈയ്യേറ്റം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് തടയുക.
3. റോഡു പുനർനിർമാണത്തിന് എം.പി, എം.എൽ.എ,വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ടുകൾ പരമാവധി പ്രയോജനപ്പെടുത്തുക.
4. വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക.
5. എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം നടത്തുക.

6. ഊർജം, വൈദ്യുതി

ഇന്നത്തെ അവസ്ഥ, നിലനിൽക്കുന്ന പ്രശ്നങ്ങൾ

കൃഷി, വ്യവസായം, ഗാർഹിക മേഖലകളിൽ ഗണ്യമായ തോതിൽ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. വൈദ്യുതിയുടെ നിയന്ത്രിതമായ ഉപഭോഗത്തെക്കുറിച്ചുള്ള അജ്ഞതയോ അനാസ്ഥയോ വൈദ്യുതി പാഴാകുന്നതിന് കാരണമാകുന്നു. വൈദ്യുതലൈനിൽ തട്ടിക്കിടക്കുന്ന മരക്കൊമ്പുകൾ ചെറിയ കാറ്റത്തുപോലും വൈദ്യുതി നിലയ്ക്കുന്നതിന് ഇടയാക്കുന്നു. ജീവനക്കാരുടെ കുറവ് പലപ്പോഴും അറ്റകുറ്റപണികൾക്ക് കാലതാമസം വരുത്തുന്നു. ഉപഭോക്താക്കളുടെ വർദ്ധന, വൈദ്യുതോപകരണങ്ങളുടെ അമിതമായ ഉപയോഗം എന്നിവ പുതിയ ഊർജസ്രോതസ്സുകളുടെ അന്വേഷണം അനിവാര്യമാക്കിയിരിക്കുന്നു. തെരുവു വിളക്കുകളുടെ പ്രവർത്തനവും കൂടുതൽ കാര്യക്ഷമമാകണം.

പരിഹാര മാർഗങ്ങൾ

1. പാരമ്പര്യേതര ഊർജസ്രോതസ്സുകളെ കുറിച്ച് അനർട്ടിന്റെ സഹായത്തോടെ പ്രചരണം നടത്തുക.
2. വൈദ്യുതി ലൈനിൽ തട്ടിക്കിടക്കുന്ന മരക്കൊമ്പുകൾ വെട്ടികളയുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക.
3. മുട്ടറ മരുതിമലയിൽ സുലഭമായി ലഭിക്കുന്ന കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുക.
4. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം തുക അടയ്ക്കുന്ന അവസ്ഥ ഉണ്ടാകണം.
5. സൗരോർജ്ജ തെരവ് വിളക്കുകൾ പ്രോത്സാഹിപ്പിക്കുക

7. ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

ഇന്നത്തെ അവസ്ഥ

എല്ലാവർക്കും ഭവനം ഉണ്ടാകുക എന്നത് ഒരു നാടിന്റെ പരിമിതമായ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. അതില്ലാത്ത കുടുംബങ്ങളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ ഇനിയും ഉണ്ട് എന്ന വസ്തുത

കാണാതിരിക്കാനാവില്ല. ഗൾഫ് പണവും നാണ്യവിളസമ്പത്തും ഭവനനിർമ്മാണരംഗത്തു വമ്പിച്ച മാറ്റത്തിന് വഴിതെളിച്ചിട്ടുണ്ടണ്ട്. എന്നാൽ രണ്ടണ്ടിലും പെടാത്ത ഇടത്തരക്കാരും അതിനു താഴെയുള്ളവരും ഇക്കാര്യത്തിൽ വീർപ്പുമുട്ടുന്ന കാഴ്ചയാണ് നാം കാണുന്നത്. EMS, LIFE ഭവനപദ്ധികളിലൂടെയും എസ്.സി. ഡിപ്പാർട്ടുമെന്റ്, കേരളസംസ്ഥാന ഭവനിർമ്മാണ ബോർഡ് എന്നിവ വഴിയും നമ്മുടെ പഞ്ചായത്തിൽ നിരവധി ഭവനങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ടണ്ട്. സർക്കാരിന്റെ പദ്ധതിയായ ലൈഫ് ഒന്നാം ഘട്ടത്തിലൂടെ സർക്കാർ ഭവന പദ്ധതികൾ വഴി വീട് ലഭിക്കുകയും വീട് നിർമ്മാണം , പണി പൂർത്തിയാക്കാതെ കിടന്ന ഭവനങ്ങളുടെ പൂർത്തീകരണത്തിനും കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായ 184 ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും 113 പേർക്ക് വീട് നിർമ്മാണത്തിന് ഒന്നും, രണ്ടും, മൂന്നും ഗഡു കൈമാറിയിട്ടുണ്ട്. അതിൽ പലതും പണി പൂർത്തിയാക്കിയിട്ടുമുണ്ട്. കൂടാതെ നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത മൂലം വിലക്കയറ്റം തടയുന്നതിനായി ഭവന നിർമ്മാണ സാമഗ്രികളുടെ ഒരു യൂണിറ്റ് തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ലൈഫ് മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായിട്ടുള്ള ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരായ 42 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. വീടുവയ്ക്കാൻ ഭൂമിയില്ലാത്തവർ പരിമിതമായെങ്കിലും പഞ്ചായത്തിൽ നിലനിൽക്കുന്നു.
2. ഭൂമിയുടെ ദൗർലഭ്യവും വില വർദ്ധനവും
3. ഉള്ള വീടുകൾ വാസയോഗ്യമല്ലാത്ത അവസ്ഥ നിലനിൽക്കുന്നു
4. സർക്കാരിന്റെ വിവിധ പദ്ധതികൾ അനുസരിച്ച് ലഭിച്ചിട്ടുള്ള വീടുകളുടെ നിർമാണം, ഫണ്ടിന്റെ അപര്യാപ്തതയും നിർമ്മാണ സാമഗ്രികളുടെ വിലകയറ്റവും മൂലം പാതിവഴിയിൽ മുടങ്ങിപ്പോകുന്നു.
5. ഭവന നിർമാണത്തൊഴിലാളികളുടെ വേതനവർദ്ധനവ്, ഭവനനിർമാണ സാമഗ്രികളുടെ ക്രമാതീതമായ വിലവർദ്ധന എന്നിവയും ഭവനനിർമാണത്തിന് അനുവദിക്കുന്ന തുകയും തമ്മിലുള്ള പൊരുത്തക്കേട്.
6. ചെലവു കുറഞ്ഞ നിർമാണരീതികളെപ്പറ്റിയുള്ള അജ്ഞതയോ ഭയമോ

പരിഹാരമാർഗ്ഗങ്ങൾ

1. ഭവനനിർമ്മാണ സഹകരണസംഘങ്ങൾ സ്ഥാപിച്ചു അവയുടെ ചുമതലയിൽ അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തനങ്ങളും നടത്തുക.
2. ഭവനിർമ്മാണതൊഴിലാളികളുടെ അഭാവം, വേതനവർദ്ധനവ് എന്നിവയ്ക്ക് പരിഹാരമായി കുടുംബശ്രീ യൂണിറ്റുകൾക്ക് മേസൺ പരിശീലനം നൽകി ഉപയോഗിക്കാവുന്നതാണ്.
3. ന്യായവിലയ്ക്ക് പാറ, മെറ്റൽ, ഇഷ്ടിക, ഹോളോബ്രിക്സ്, മണൽ എന്നിവ വിതരണം ചെയ്യുന്നതിന് സഹകരണ അടിസ്ഥാനത്തിൽ ചെറുകിട ഫാക്ടറികൾ സ്ഥാപിക്കുക.
4. പഞ്ചായത്തിലെ ഭവന നിർമ്മാണ പദ്ധതിയുടെ മേൽനോട്ടം എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ കൊണ്ട് നടത്തിക്കുക

7. സാമൂഹ്യനീതി (വൃദ്ധർ, വികലാംഗർ ഉൾപ്പെടെ)

മേഖലയുടെ ഇന്നത്തെ അവസ്ഥ

രോഗികൾ, വൃദ്ധർ, വികലാംഗർ തുടങ്ങിയവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത് പഞ്ചായത്തിന്റെ കടമയാണ്. സംസ്ഥാന ഗെവൺമെന്റ് നടപ്പാക്കി വരുന്ന വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, അഗതി പെൻഷൻ, വിധവാ പെൻഷൻ എന്നിവ സാമൂഹ്യക്ഷേമ പദ്ധതികളിൽ മുഖ്യമായവയാണ്. ഇത്തരം ക്ഷേമ പദ്ധതികൾക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്നതിൽ വിവേചനങ്ങളൊന്നുമില്ലാത്തതിനാൽ എല്ലാ വിഭാഗം ജനങ്ങളും ഇതിന്റെ പരിധിയിൽ വരുന്നു. ഇതു കൂടാതെ കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, രോഗികൾ എന്നിവർക്കായി പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് 5 ശതമാനം തുക വകയിരുത്തുന്നു.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. വികലാംഗർ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പിന്തള്ളപ്പെടുന്നു.
2. വൃദ്ധർക്ക് ഭക്ഷണം, ചികിത്സ, മാനസികമായ പിന്തുണ എന്നിവ കിട്ടാത്ത അവസ്ഥ ഉണ്ടാകുന്നു.
3. പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മതിയായ വാഹനസൗകര്യമോ സ്റ്റാഫുകളോ ലഭ്യമല്ല. ഫണ്ടിന്റെ അപര്യാപ്തതയുമുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ

1. വികലാംഗരായ കുട്ടികൾക്ക് സ്കോളർഷിപ് നൽകുന്ന ജില്ലാപഞ്ചായത്തിന്റെ പ്രോജക്ടിന് പഞ്ചായത്ത് വിഹിതം നൽകാം.
2. വികാലംഗർക്ക് ആവശ്യമായ ഉപകരണങ്ങൾ, പഠനസഹായികൾ എന്നിവ നൽകാം.
3. വികലാംഗർക്ക് സ്വയംതൊഴിലിൽ ഏർപ്പെടുന്നതിനുള്ള സാമ്പത്തിക സഹായം നൽകാം.
4. വൃദ്ധർക്ക് വൈദ്യപരിശോധന, സൗജന്യമരുന്ന് വിതരണം എന്നിവ സംഘടിപ്പിക്കാം.
5. സ്വന്തമായി പാചകം ചെയ്തു കഴിക്കാൻ കഴിയാത്ത, ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവർക്ക് അംഗൻവാടികൾ വഴി ഭക്ഷണം വിതരണം ചെയ്യാം.
6. ഓരോ മേഖലയിലും പ്രഗ്ത്ഭരായിരുന്ന വൃദ്ധജനങ്ങളുടെ അനുഭവസമ്പത്ത് നാടിന്റെ വികസന പ്രവർത്തനന രൂപീകരണത്തിൽ പ്രയോജനപ്പെടുത്താം.
7. അംഗൻവാടികളിൽ, പഴയകാല പാട്ടുകളും കഥകളും അനുഭവങ്ങളും കുട്ടികൾക്ക് പകർന്നു കൊടുക്കുന്നതിന് സനദ്ധരായ വൃദ്ധജനങ്ങളുടെ സേവനം ആഴ്ച്ചയിൽ ഒരു ദിവസമെങ്കിലും ഉപയോഗിക്കാം.
8. വൃദ്ധജനങ്ങൾ നമ്മുടെ കുടുംബങ്ങളിൽ നിന്ന് പുറന്തള്ളപ്പെടാതിരിക്കാൻ ബോധവൽക്കരണവും കൗൺസിലിംഗും ജാഗ്രതാപ്രവർത്തനങ്ങളും നടത്തുക.
9. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ധനസമാഹരണത്തിനും ഉപകരണവിതരണത്തിനും സമൂഹത്തിന്റെ ഉയർന്ന തട്ടിലുള്ള മനുഷ്യസ്നേഹികളെ പ്രേരിപ്പിക്കാം.
10. ആംബുലൻസ് സംവിധാനം വരുംവർഷങ്ങളിലെങ്കിലും യാഥാർത്ഥ്യമാക്കാം.

11. കൂടുതൽ സ്റ്റാഫിന്റെ സേവനം ലഭ്യമാക്കുക.

8. പട്ടികജാതി വികസനം

മേഖലയുടെ ഇന്നത്തെ അവസ്ഥ

സാമൂഹ്യസ്ഥിതിസമത്വം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞ പഞ്ചവത്സരപദ്ധതികളെല്ലാം തന്നെ പ്രാധാന്യം നൽകിയിരുന്നു. പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിലവിൽ 4483 പേർ പട്ടികജാതിക്കാരാണ്. കഴിഞ്ഞ പദ്ധതി കാലയളവിൽ ഭവനരഹിതർക്ക് ഭൂമി വാങ്ങൽ, ഭവന നിർമാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള ക്കിണർ, കക്കൂസ് നിർമാണം, പട്ടികജാതിക്കാരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം, പട്ടിജാതി വികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സറി സ്ക്കൂളിലെ കുട്ടികൾക്ക് പോഷക ആഹാരം, പട്ടികജാതി കോളനികളിൽ വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ, കുടിവെള്ള പദ്ധതികൾ, പട്ടിക ജാതി കോളനിക്കുള്ളിലെ റോഡുകളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തദ്ദേശഭരണത്തിന്റെ അധികാരങ്ങൾ, ചുമതലകൾ, പദ്ധതി രൂപീകരണ മാർഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത, സാമ്പത്തിക ക്ഷമത, വിജയ സാദ്ധ്യത, പ്രായോഗികത, പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയും കണക്കിലെടുത്തുകൊണ്ടായിരിക്കണം സാധ്യതകൾ പരിഗണിക്കേണ്ടതണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. സാമ്പത്തികമായ പിന്നോക്കാവസ്ഥ, സാമൂഹികമായ പിന്നോക്കാവസ്യ്ക്ക് പ്രധാന കാരണമാണ്. വിദ്യാഭ്യാസം ചെയ്യേണ്ട സമയത്ത് പണിയെടുത്ത് കുടുംബം പോറ്റേണ്ടി വരുന്നതിനാൽ വിദ്യാഭ്യാസ പരമായി പിന്നോക്കം പോകുന്നു.
2. എസ്. സി. കോളനികളിൽ വീടുകൾ അടുത്തടുത്തായി നിർമിച്ചിരിക്കുന്നതിനാൽ ഓരോ വീടിനും കുടിവെള്ള ക്കിണർ പ്രായോഗികമല്ല.
3. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത
4. വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ
5. ശ്മശാനമില്ലായ്മ
6. ശുചിത്വമില്ലായ്മ
7. കുട്ടികളിൽ പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങൾ
8. വിദ്യാഭ്യാസ രംഗത്തുള്ള പിന്നോക്കാവസ്ഥ
9. ലഹരി പദാർത്ഥങ്ങളുടെ അമിത ഉപയോഗം.

പരിഹാര മാർഗങ്ങൾ

1. പഠിക്കാൻ മിടുക്കരായ എസ്.സി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും വിദേശ ജോലിക്കും ധനസഹായം നൽകുക.
2. കോളനികൾ കേന്ദ്രീകരിച്ച് പൊതുകുടിവെള്ളസംവിധാനം നടപ്പാക്കുക.

3. പട്ടികജാതി കോളനികളിൽ തെരുവു വിളക്കുകൾ, വീട് വൈദ്യതീകരണം എന്നിവ നടപ്പാക്കുക.
4. മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
5. ഓരോ കുടുംബത്തിന്റേയും സാമ്പത്തിക, സാമൂഹിക,ആരോഗ്യ, വിദ്യാഭ്യാസ പുരോഗതിയിലൂടെ പട്ടിക ജാതി വിഭാഗത്തിന്റെ സമഗ്രവികസനം സാദ്ധ്യമാക്കുക.
6. ബോധവത്ക്കരണം
7. അങ്കണവാടികളിലെ സേവനം
8. എല്ലാ പട്ടികജാതി കുടുംബങ്ങളെയും കുടുംബശ്രീ, അയൽക്കൂട്ടത്തിൽ അംഗങ്ങളാക്കി മൈക്രോ സംരംഭത്തിലേക്ക് കൊണ്ടുവരിക

9. **വനിതാ വികസനം**

മേഖലയുടെ ഇന്നത്തെ അവസ്ഥ

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകൾക്കാണ്. ഇന്ന് എല്ലാ രംഗങ്ങളിലും സ്ത്രീകളുടെ സാന്നിദ്ധ്യം ഉണ്ടെങ്കിലും, സാർവത്രികമായി പരിശോധിച്ചാൽ ബഹുഭൂരിപക്ഷം സ്ത്രീകളും പൊതുധാരയിൽ നിന്നും ഇപ്പോഴും അകന്ന് കഴിയുന്നു എന്ന് മനസ്സിലാകും. സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിരവധി പരിപാടികൾ മുൻവർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടങ്ങ്. അംഗൻവാടികൾ ഇന്ന് വനിതാക്ഷേമത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കണ്ണിയാണ്. അംഗൻവാടികളിലൂടെ ഗർഭിണികൾക്കും ശിശുക്കൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പൂരക പോഷണവും ആരോഗ്യ പോഷണ വിദ്യാഭ്യാസവും നൽകി വരുന്നു. നമ്മുടെ പഞ്ചായത്തിൽ നിലവിൽ 32 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടങ്ങ്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. ആകെയുള്ള 32 അംഗൻവാടികളിൽ 11 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ.
2. അംഗൻവാടികളുടെ ഭൗതികസാഹചര്യം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.
3. മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യകരമായ ഭക്ഷണം, വൈകാരികമായ സുരക്ഷ, ശുചിത്വമുള്ള ചുറ്റുപാട്, ബൗദ്ധിക വളർച്ചയ്ക്കുള്ള അനുകൂല സാഹചര്യം എന്നിവ കുട്ടികളുടെ അവകാശമാണ്. അവ 100 ശതമാനം ഉറപ്പു വരുത്താൻ നമുക്ക് കഴിയുന്നില്ല.
4. കുടുംബത്തിലെ ഒരു വനിതയ്ക്കെങ്കിലും സ്വന്തമായി വരുമാനം ഉറപ്പാക്കാൻ കഴിയുന്നില്ല.
5. സ്ത്രീ സംരക്ഷണ നിയമങ്ങളെ സംബന്ധിച്ചുള്ള അവബോധക്കുറഷ്.

പരിഹാരമാർഗങ്ങൾ

1. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അംഗൻവാടികൾക്കും കെട്ടിടം എന്നതായിരിക്കണം ഈ പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങളിൽ പ്രഥമ പരിഗണന നൽകേണ്ടത്.
2. ശിശു സൗഹാർദ ടോയ്ലറ്റുകൾ, വൈദ്യുതീകരിച്ച ക്ലാസ് മുറികൾ, ബൗദ്ധിക വളർച്ചയ്ക്ക് ആധുനിക സാങ്കേതിക വിദ്യകളുടെ സഹായം എന്നിവയും പരിഗണിക്കേണ്ടതാണ്.

3. ആരോഗ്യകരമായ ഭക്ഷണരീതികളെക്കുറിച്ച് അമ്മമാർക്ക് ബോധവൽക്കരണം നടത്താം.
4. വനിതകൾക്ക് സ്വയംപര്യാപ്തത നേടുന്നതിനുള്ള അവസരങ്ങൾ ഇന്ന് കുറവല്ല. അവ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ നിർദേശങ്ങൾ നൽകുക.
5. ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

10. ആരോഗ്യം – ഹോമിയോപ്പതിയും ആയുർവേദവും

മേഖലയുടെ ഇന്നത്തെ അവസ്ഥ

ആരോഗ്യമാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്ത്. ആരോഗ്യരംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്ന കാര്യത്തിലും പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവയുടെ കാര്യത്തിലും മറ്റു കേരളീയരെപ്പോലെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളും ബോധവാന്മാരാണ്. ഇവിടത്തെ ജനങ്ങൾ എല്ലാ തരത്തിലുമുള്ള ചികിത്സാരീതികളും ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ വാഴാലയിൽ ഒരു പി.എച്ച്.സി.യും 6 സബ്സെന്ററുകളും പരുത്തിയറയിൽ ഒരു ഗവ. ആയൂർവേദാശുപത്രിയും സ്വകാര്യമേഖലയിൽ 4 അലോപ്പതി ആശുപത്രികളും ഒരു ദന്താശുപത്രിയും ഒരു ഹോമിയോ കൺസൾട്ടന്റ് കേന്ദ്രവും നമുക്കുണ്ടുണ്ട്. മരണനിരക്ക്, ശിശുമരണനിരക്ക് എന്നിവ സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്.

പ്രശ്നങ്ങൾ

1. PHCയ്ക്ക് ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു.
2. ഹോമിയോ ആശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടം ഇല്ല.
3. വിദഗ്ദ്ധ ചികിത്സാസൗകര്യം പഞ്ചായത്തിൽ ലഭ്യമല്ല.
4. ചികിത്സാ ചെലവ് ഉയർന്നതിനാൽ ദുർബലജന വിഭാഗങ്ങൾക്ക് മേജർ ആശുപത്രികളിൽ പോകാൻ കഴിയുന്നില്ല.
5. ഡോക്ടർമാരുടെ സേവനം രാത്രി ലഭ്യമല്ല.
6. ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ ഫലപ്രദമായി നടക്കുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. വാഴാല പി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തിന് ഗവ. അംഗീകാരം വാങ്ങാൻ ശ്രമിക്കണം.
2. പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഔഷധസസ്യങ്ങൾ വച്ചു പിടിപ്പിക്കുകയും ആയൂർവേദ ചികിത്സയ്ക്ക് അനുപൂരകമായി പ്രവർത്തിക്കാൻ സൗകര്യമുണ്ടാക്കുകയും വേണം.
3. മാസത്തിലൊരിക്കൽ നേത്രചികിത്സാക്യാമ്പ് സംഘടിപ്പിച്ച് കാഴ്ചക്കുറവുള്ളവർക്കും തിമിരരോഗബാധികർക്കും വിദഗ്ദ്ധ ചികിത്സയ്ക്ക് സൗകര്യങ്ങൾ ചെയ്യാം.
4. ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനായി മാസത്തിലൊരിക്കലെങ്കിലും ക്യാമ്പ് സംഘടിപ്പിക്കുക.
5. ദുർബലജനവിഭാഗങ്ങൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്ക് ധനസഹായം നൽകുക.

6. മദ്യം, പുകവലി എന്നിവയ്ക്കെതിരെ ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പിക്കുക.
7. ക്യാൻസർ നിർണയക്യാമ്പുകൾ സംഘടിപ്പിക്കുക.
8. സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബ് രൂപീകരിക്കുക.

11. കുടിവെള്ളം, ശുചിത്വം

കുടിവെള്ളം –ഇന്നത്തെ അവസ്ഥ

ആരോഗ്യപുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും പൂയപ്പള്ളി പഞ്ചായത്തിലെ മുഖ്യ കുടിനീർസ്രോതസ്സ് കിണറുകളാണ്. 75% ആളുകളും കുടിവെള്ളത്തിനായി സ്വന്തം കിണറുകളെയാണ് ആശ്രയിക്കുന്നത്. 15% കുടുംബങ്ങൾ അയൽവീടുകളിലെ കിണറുകളെ ആശ്രയിക്കുമ്പോൾ പൊതുകിണറുകൾ, കുഴൽക്കിണറുകൾ മറ്റ് പൊതുവിതരണസംവിധാനം എന്നിവകളെ ആശ്രയിക്കുന്ന 10% കുടുംബങ്ങളുണ്ടണ്ട്. പൂയപ്പള്ളി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഏപ്രിൽ, മെയ് മാസങ്ങളിൽ ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടണ്ട്.

ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

1. വാർഡുതല ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിൽ പൊതുകിണറുകൾ, നീരുറവകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുക.
2. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കെ.ഐ.പി. ഇടതുകരകനാൽ തുറന്നുവിട്ടാൽ നീരൊഴുക്കുമൂലം വിവിധ പ്രദേശങ്ങളിലെ കിണറുകളിൽ ജലലഭ്യതയുണ്ടാകുന്നതാണ്.
3. ജപ്പാൻകുടിവെള്ളപദ്ധതി പഞ്ചായത്തിൽ ഉൾപ്പെടുത്തി എങ്കിലും ഇതുവരെയും ജലവിതരണം ആരംഭിച്ചിട്ടില്ല.
4. ചീക്കൂർ മിച്ചഭൂമിയിലെ കുടിവെള്ളപദ്ധതിയുടെ മെയിന്റനൻസ് നടത്തി താഴ്ന്ന പ്രദേശത്ത് വെള്ളം എത്തിക്കാൻ ശ്രമിക്കാവുന്നതാണ്.
5. മഴവെള്ളസംഭരണികൾ നിർമ്മിക്കുന്നതിന് സഹായം നൽകാവുന്നതാണ്.
6. പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികൾ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കക്കൂസ് ഇല്ലാ കുടുംബങ്ങൾക്ക് ,സമ്പൂർണ്ണ ശൗചാലയ പദ്ധതിയിലൂടെ കക്കൂസ് നിർമ്മിച്ച് നൽകുക വഴി സമ്പൂർണ്ണ ശൗചാലയ പഞ്ചായത്തെന്ന ബഹുമതി കരസ്ഥമാക്കി.

ശുചിത്വം, മാലിന്യപരിപാലനം

പഞ്ചായത്തിലെ 99% കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസുകളുണ്ടണ്ട്. 15% കുടുംബങ്ങളിലും മലിനജലം കൈകാര്യം ചെയ്യുന്നത് അലക്ഷ്യമായിട്ടാണ്. ചില സ്ഥലങ്ങളിൽ കുടിവെള്ള സ്രോതസ്സുകൾ മലിനീകരണം നേരിട്ടു കൊണ്ടിരിക്കുന്നു. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിന് ശ്രദ്ധക്കേണ്ടതുണ്ട്. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിച്ച് ഹരിതകർമ്മ സേനക്ക് നൽകേണ്ടതുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ

1. പൊതു ഓടകൾ, പൊതുകിണറുകൾ എന്നിവ ശുചീകരിക്കുക.

2. പൊതുസ്ഥലങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.
3. ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.
4. ഇ-ടോയ്ലറ്റ് പദ്ധതി നടപ്പിലാക്കുക.
5. കക്കുസുകളുടെ എയർപൈപ്പുകളിൽ നെറ്റ് സ്ഥാപിക്കുകയും കൊതുകുനിവാരണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക
6. മാലിന്യം ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവ പ്രോത്സാഹിപ്പിക്കുക.
7. ഹോട്ടലുകൾ, ഭക്ഷണശാലകൾ എന്നിവയ്ക്ക് ലൈസൻസ് പുതുതായി നൽകുമ്പോഴും പുതുക്കുമ്പോഴും ശുചിത്വ സംവിധാനങ്ങൾ, മാലിന്യസംസ്കരണ സംവിധാനങ്ങൾ എന്നിവ പരിശോധിക്കാൻ കർശന നടപടി സ്വീകരിക്കുക.

12. **വിദ്യാഭ്യാസം, കല, സംസ്ക്കാരം**

മേഖലയുടെ ഇന്നത്തെ അവസ്ഥ

ഗവൺമെന്റ്, സ്വകാര്യ മേഖലകളിലായി രണ്ട് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും അഞ്ച് യു. പി. സ്ക്കൂളുകളും, എട്ട് എൽ.പി.സ്ക്കൂളുകളും ഉൾപ്പെടെ 16 വിദ്യാലയങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. പട്ടികജാതി വികസനവകുപ്പിന്റെ മേൽനോട്ടത്തിൽ ഒന്നും സ്ക്കൂൾ പി.റ്റി.എ നടത്തുന്ന രണ്ടും പ്രീപ്രൈമറി സ്ക്കൂളുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സെക്കന്ററി വിദ്യാഭ്യാസം കടന്നു ചെന്നിട്ടില്ലാത്ത കുടുംബങ്ങൾ തുലോം കുറവാണ്. 10 ശതമാനത്തിൽ താഴെ മാത്രമാണ് പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവരുടെ എണ്ണം. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം ഈ രംഗത്തുള്ള പ്രതിഭകൾ കുറയാൻ കാരണമായിട്ടുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. മാലയിൽ വാർഡിൽ പ്രൈമറി വിദ്യാഭ്യാസത്തിനായി കുട്ടികൾ വളരെ ദൂരം പോകേണ്ടി വരുന്നു.
2. കുട്ടികളുടെ എണ്ണം എൽ.പി, യു.പി വിഭാഗങ്ങളിൽ വർഷം തോറും കുറയുന്നു.
3. ഐ. ടി പഠനസൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ല.
4. സ്കൂളിലെ പഞ്ചായത്തല സൗകര്യക്കുറവ്
5. അനധികൃത വിദ്യാലയങ്ങളുടെ കടന്നുകയറ്റം
6. പഠന നിലവാരത്തിലെ പിന്നോക്കാവസ്ഥ
7. കുട്ടികളിലെ അഭിരുചി തിട്ടപ്പെടുത്തുന്നില്ല.
8. കായിക പരിശീലനങ്ങളുടെ അഭാവം
9. യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി പ്രയോഗം

പരിഹാര മാർഗങ്ങൾ

1. സ്ക്കൂളുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുക.
2. സ്ക്കൂളുകളിലെ ഭൗതിക സാഹചര്യം വർദ്ധിപ്പിച്ചും നിർധനരായ കുട്ടികൾക്ക് സഹായങ്ങൾ നൽകിയും സ്ക്കൂളിലെ കൊഴിഞ്ഞുപോക്ക് തടയേണ്ടതാണ്.

3. അദ്ധ്യാപകർക്ക് ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ കൂടി ഉൾപ്പെടുത്തി സ്ക്കൂൾ ലൈബ്രറികൾ മെച്ചപ്പെടുത്തണം.
4. പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേകം ശ്രദ്ധിക്കുക
5. സ്കൂളുകളിൽ ശിശുസൗഹൃദ അന്തിരീക്ഷം നിലനിർത്തുക
6. വായനാശീലം വളർത്തിയെടുക്കാനുള്ള ബോധപൂർവ്വമായ പ്രവർത്തനം ആവശ്യമാണ്.
7. ബോധവത്കരണം, കൗൺസിലിംഗ്, കായിക വിനോദങ്ങളിലേക്ക് ആകർഷിക്കൽ
8. ദൃശ്യാവിഷ്ക്കാരത്തിൽ കൂടിയുള്ള പഠനം കുടുതൽ ഫലപ്രദമായതിനാൽ പ്രൊജക്ടുകൾ തുടങ്ങിയവ വാങ്ങുന്നതിന് സ്കൂളുകൾക്ക് സഹായം ശ്രദ്ധിക്കുക.
9. മുഴുവൻ സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിലും പ്രഭാത ഭക്ഷണം നടപ്പിലാക്കണം

13. ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം ദുരന്ത നിവാരണം

ദുരന്ത നിവാരണ പദ്ധതി രൂപീകരണത്തിനായുള്ള ഏകോപനം ഉറപ്പ് വരുത്തുന്നത് ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് ആണ്. ദുരന്തം നേരിടുന്നതിനുള്ള തയ്യാറെടുപ്പ്, പ്രതിരോധം, ലഘൂകരണം എന്നീ പ്രവർത്തനങ്ങൾക്ക് ഉത്പാദനം, സേവനം, പശ്ചാത്തലം തുടങ്ങി മേഖലകളിൽ നിന്നുള്ള നിർദ്ദേശങ്ങളും ഇടപെടൽ പ്രവർത്തനങ്ങളും അനുവാര്യമായതിനാൽ ദുരന്ത നിവാരണ പദ്ധതിയെ അടിസ്ഥാനമാക്കി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും, ആവശ്യങ്ങൾ നിർണ്ണയിക്കുന്നതിനുമുള്ള പ്രോജക്ട് ആവശ്യങ്ങൾക്ക് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപം നൽകുക

മേഖലയുടെ ഇന്നത്തെ അവസ്ഥ

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത്തല ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും പരിശീലനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സാമൂഹ്യ സംഘടനകൾ, എൻ.ജി.ഒകൾ, യുവജന സംഘടനകൾ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വാർഡുതല റിസോഴ്സ ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്.

പരിഹാര മാർഗങ്ങൾ

1. ഗാർഹിക മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കുക.
2. ജൈവകൃഷി രീതി പ്രോത്സാഹിപ്പിക്കുക
3. പ്രകൃതി സൗഹൃദ നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുക
4. മണ്ണെടുപ്പ്, കുന്നിടിച്ചിൽ, തണ്ണീർത്തടങ്ങൾ നികത്തൽ, മരങ്ങൾ വെട്ടി നശിപ്പിക്കൽ, ഖനന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.
5. പ്രകൃതി സംരക്ഷണം കുട്ടികളിൽ നിന്ന് ആരംഭിക്കുകയും പ്രോത്സാഹിപ്പിക്കുകയും ബോധവത്കരിക്കുകയും ചെയ്യുക
6. തരിശ് നിലങ്ങൾ കൃഷി ചെയ്ത് ഉപയുക്തമാക്കുക

7. പുഴ പുറമ്പോക്കുകൾ സർവ്വേ നടത്തി കണ്ടെത്തി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുക.
8. ജലസ്രോതസ്സുകളുടെ സംരക്ഷണം
9. ഓടകൾ കാലവർഷത്തിന് മുമ്പ് തന്നെ വൃത്തിയാക്കുക
10. മഴവെള്ള സംഭരണികൾ നിർമ്മിക്കുക
11. മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുക
12. കൃഷി സ്ഥലങ്ങളിലും വയലോരങ്ങളിലും റോഡ് നിർമ്മിക്കുക
13. ധാരാളം മരങ്ങൾ വെച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക.

അദ്ധ്യായം – 4

വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

9-ാം പഞ്ചവത്സര പദ്ധതി മുതൽ 12-ാം പഞ്ചവത്സര പദ്ധതി കാലയളവിനുള്ളിൽ നടന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് അവലോകനം ചെയ്തുകൊണ്ട് 13-ാം പഞ്ചവത്സര പദ്ധതിയിൽ കൈ കൊള്ളേണ്ട വികസന തന്ത്രത്തെയും കാഴ്ചപ്പാടും സംബന്ധിച്ച് നിഗമനത്തിൽ എത്തിച്ചേരുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയിലും 2020-21 വാർഷിക പദ്ധതിയുടെ കാഴ്ചപ്പാടും തന്ത്രവും താഴെ കൊടുക്കുന്നു

കൃഷി

മണ്ണും ജലവും സംരക്ഷിച്ചുകൊണ്ടു അല്ലാതെ ഇനി മുന്നോട്ടു പൊകാൻ കഴിയാത്ത എവസ്ഥയാണു ള്ളതയ പഞ്ചായത്തിനെ ചെറുനീർത്തടങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ ചെറുനീർത്തടങ്ങളിലേയും മണ്ണൊലിപ് തടഞ്ഞുനിർത്തി സംരക്ഷിക്കുന്നതിനും ബന്ധപ്പെട്ടതോടുകളിൽ തടയണ കെട്ടി സംരക്ഷിക്കുന്നതാണ്. അതു പോലെ മഴ കൊയ്ത്തും നടത്തി കിണറുകൾ റീച്ചാർജ്ജ് നടത്തിയും ജലത്തെ സംരക്ഷിക്കുന്നതിന് ആധു നിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപിക്കുന്നതാണ്. അവശേഷിക്കുന്ന നെൽ വയലുകൾ സംരക്ഷിക്കാനും നെല്ല് ഉല്പാദനം ഇരട്ടിയാക്കാനും ലക്ഷ്യമിടുന്നു. നാളികേരോല്പാദനം വളരെ കുറഞ്ഞിട്ടുണ്ട്. ഈ സ്ഥിതി മാറ്റിയെടുക്കുന്നതാന് DXT ഇനത്തിൽപ്പെട്ട അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ രൂപം കൊടുക്കുന്നു. തരിശ് രഹിത പഞ്ചായത്തായി മാറ്റുന്നതോടൊപ്പം എന്നെന്നും പച്ചപ് നിലനിൽക്കുന്ന കൃഷിസമർത്ഥമായ ഒരു അന്തരീക്ഷം നിലനിർത്തുകയാണ് ലക്ഷ്യം.

മൃഗ സംരക്ഷണം

പാൽ മുട്ട ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപിക്കുക എന്നതാണ് ലക്ഷ്യം ഓരോ വീട്ടിലും പശു ക്കളെ വളർത്തുന്ന രീതി അവസാനിച്ചിരിക്കുന്നു. ക്ഷീരകർഷകരായിട്ടുള്ള വർക്ക് ഫാം അടിസ്ഥാനത്തിൽ പശു ക്കളെ നിറുത്തി പാൽ ഉൽപാദനം വർദ്ധിപിക്കാനെ കഴിയു. പാലും പാൽ ഉല്പന്നങ്ങളും വർദ്ധിച്ച തോതിൽ ഉൽപാദിപിക്കാനാണ് ലക്ഷ്യമിടുന്നത്. കോഴി, ആട് എന്നിവ കൂടുതലായി വളർത്തുന്ന സഹചര്യം സൃഷ്ടിക്കുന്ന താണ് മനുഷ്യർ ഉപയോഗിക്കുന്ന മറ്റിനം മുട്ടകൾ, യമു, കാട തുടങ്ങിയവയെ വ്യാപകമായ വളർത്തുന്നതി നുള്ള സൗകര്യം ഒരുക്കുന്നതാണ്. വളർത്തു നായകളെ സംരക്ഷിക്കുന്നതിനും തെരുവ് നായകളെ നിയന്ത്രി ക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിക്കുന്നതാണ്. കന്നുകാലികളുടെ രോഗപ്രതിരോധ നടപടികൾ സ്വീകരി ക്കുന്നതാണ്.

പ്രാദേശിക സാമ്പത്തിക വികസനം

കുടുംബശ്രീ അയൽകുട്ടമെന്ന സംഘടനാ സംവിധാനം ഉപയോഗപ്പെടുത്തി മൈക്രോ സംരംഭങ്ങൾ ആരംഭിക്കണമെന്നാണ് ലക്ഷ്യം മിടുന്നത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്തു ഒരു വർഷം 50 എന്ന കണക്കിൽ 250 കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ചെറുകിട സംരംഭങ്ങളിലൂടെ വിവിധതരം ഉല്പന്നങ്ഹൾ ഉണ്ടാക്കണം.

അത്തരം ഉല്പന്നങ്ങൾ സംരക്ഷിക്കാനും വിപണനം നടത്താനും കേന്ദ്രീകൃത സംവിധാനത്തോടു കൂടിയ മാർക്കറ്റിംഗ് മേഖല ഉണ്ടാക്കാനും ലക്ഷ്യമിടുന്നു.

ദാരിദ്ര്യ ലഘൂകരണം

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരേയും കുടുംബങ്ങളെയും ആശ്വാസ നടപടികളിലൂടെ പൊതു ധാരയിലെയ്ക്ക് ഉയർത്തികൊണ്ട് വരികയെന്നതാണ് ലക്ഷ്യം. അത്തരത്തിലുള്ള പ്രവർത്തനത്തിലൂടെ 5 കൊല്ലം കൊണ്ട് പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ എണ്ണം കുറച്ചുകൊണ്ട് വരുകയാണ് ലക്ഷ്യം.

ഇന്ന് സമൂഹത്തിൽ ഭവനരഹിതർ, ഭൂരഹിതഭവനരഹിത, ഭവനനിർമ്മാണം ഇടയ്ക്ക് വച്ച് നിർത്തിയ വർ, ചെറിയ അറ്റകുറ്റപണിനടത്തിയാൽ വാസയോഗ്യമാക്കാവുന്ന ഭവനങ്ങൾ എന്നിങ്ങനെ പല വിധത്തിലുള്ള വിഷയങ്ങൾ നിലനിൽക്കുന്നു. സന്നധ സംഘടനകളേയും ധനകാര്യ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തി ക്കൊണ്ട് നവകേരളാ മിഷന്റെ ഭാഗമായ ലൈഫ് മിഷനിലൂടെ 13-ാം പഞ്ചവത്സരപദ്ധതി കാലത്ത് മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ലക്ഷ്യമിടുന്നത്.

സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ,ഭിന്നലിംഗക്കാർ)

ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസവും കാര്യശേഷി വർദ്ധന വും ലക്ഷ്യമാക്കി ബഡ്സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തും. അവരിൽ നിലനിൽക്കുന്ന അന്യാതാബോധം ഇല്ലാതാക്കി. അങ്കണവാടികളുടെ പ്രവർത്തനം മികവുറ്റതാക്കും. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ശിശു സൗഹൃദാന്തരീക്ഷമുള്ള പ്രീ-പ്രൈ മറി വിദ്യാഭ്യാസം കൂടി നേടുന്ന മികവുള്ള സ്ഥാപനമാക്കി അങ്കണവാടികളെ മാറ്റാനാണ് ലക്ഷ്യമിടുന്നത്. വയോ ജനങ്ങൾക്ക് എല്ലാ വാർഡുകളിലും പകൽ വീട് സ്ഥാപിച്ച് പകൽ സമയം അവിടെ ചെലവഴിക്കുന്നതിന് ആവശ്യ മായ ഭക്ഷണം, വായന,മറ്റു സൗകര്യങ്ങൾ, വൈദ്യപരിശോധനയടക്കമുള്ളവ ലഭ്യമാക്കികൊടുത്തുകൊണ്ട് ഇവരെ താമസസ്ഥലത്തുനിന്നും പകൽ വീട്ടിലെയ്ക്ക് കൊണ്ടു വരുന്നതിനും തിരികെ കൊണ്ട് വിടുന്നതിനു മുള്ള സംവിധാനങ്ങളും ഏർപ്പെടുത്തണമെന്നാണ് ലക്ഷ്യമിടുന്നത്.

വനിതാ വികസനം

സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനമാണ് ലക്ഷ്യമിടുന്നത്. കുടുംബശ്രീ ADS, CDS എന്നീ സംഘടനാ സംവിധാനത്തിലൂടെയും തൊഴിലുറപ്പ് പദ്ധതികളിലൂടെയും സ്ത്രീശാക്തീക രണത്തിലൂടെ സാമൂഹിക രംഗത്ത് മുന്നേറാനും കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്ക് നിയമപരമായ എല്ലാ പരിര ക്ഷയും ഉണ്ടെങ്കിലും നാനവിധത്തിലുള്ള പീഢനങ്ങൾക്ക് ഇന്നും സ്ത്രീകൾ ഇരയാകുന്നുണ്ട്. ഗ്രാമപ്രദേശങ്ങ ളിൽ ഗാർഹിക പീഢനം ഒരു പ്രധാന പ്രശ്നമാണ്. അത് ഇല്ലാതാക്കാൻ കഴിയുന്നതരത്തിൽ കൗൺസലിംഗ് സമ്പ്രദായം വരേണ്ടതാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും മൈക്രോസംരംഭങ്ങൾ ആരംഭി ക്കുന്നതിനും അതിനാവശ്യമായ പരിശീലനങ്ങളും ലക്ഷ്യമിടുന്നു.

ആരോഗ്യം

അലോപ്പതി, ഹോമിയോ, ആയുർവ്വേദം എന്നീ മൂന്ന് ചികത്സാസൗകര്യങ്ങളും പഞ്ചായത്തിലുണ്ട്. ഈ ചികിത്സാകേന്ദ്രങ്ങൾ രോഗി സൗഹൃദ ആശുപത്രികളാകേണ്ടതുണ്ട്. ആയുർവ്വേദ ഡിസ്പെൻസറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അത് സ്വന്തം കെട്ടിടത്താലാകേണ്ടതുണ്ട് മാത്രമല്ല രോഗികളെ കിടത്തി ചികിത്സിക്കുന്ന ഒരു ആശുപത്രിയായി ഉയർത്തേണ്ടതുണ്ട്. അലോപതി സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 5 സബ് സെന്ററുകളിൽ ഒരെണ്ണത്തിനുമാത്രമേ സ്വന്തം കെട്ടിടമുള്ളു. ബാക്കിയുള്ള സബ് സെന്ററുകൾക്ക് കെട്ടിടം പണിയേണ്ടതുണ്ട്. മാത്രമല്ല ആർദ്രം മിഷൻ വിഭാവന ചെയ്യുന്നത് സബ്സെന്ററുകൾ കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതും എല്ലാവർക്കും എല്ലാപ്രായത്തിലും ആരോഗ്യപരമായ ജീവിതെ സക്ഷാൽകരിക്കേണ്ടതുമാണ്.

കുടിവെള്ളം ശുചിത്വം മുതലായവ

കുടിവെള്ള കിണറുകൾ റീച്ചാർജ് ചെയ്യുന്നതിന് മഴകൊയ്ത്ത് അനിവാര്യമാണ്. ഇത്തിക്കരയാറ്റിൽ വേനൽക്കാലത്ത് വെള്ളം ഉണ്ടാകണമെങ്കിൽ ചെക്ക് ഡാം നിർമ്മിക്കണം. എങ്കിൽ മാത്രമേ നിലവിലുള്ള വെളിനല്ലൂർ ശുദ്ധജല പദ്ധതിയിലെ കുടിവെള്ളം വിതരണം നിർബാധം തുടരാൻ കഴിയു. മാത്രമല്ല ജപ്പാൻ കുടിവെള്ള പദ്ധതി പൂയപ്പള്ളി പഞ്ചായത്തിലേയ്ക്ക് നീട്ടുക കൂടി ചെയ്താൽ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയും. അതുപോലെ വ്യാപകമായി മഴക്കുഴിയും നിർമ്മിക്കാവുന്നതുമാണ്. വേനൽക്കാലത്ത് വെള്ളം സുലഭമായി ലഭിയ്ക്കുന്ന താഴ്ന്ന പ്രദേശങ്ങളിൽ മിനി കുടിവെള്ള പദ്ധതികൾക്കും രൂപം കൊടുക്കാവുന്നതുമാണ്. ശുചിത്വത്തിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഗാർഹിക ശൗചാലയം ഉറപ്പുവരുത്തേണ്ടതാണ്. ഭക്ഷ്യമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടതാണ്. സംസ്കരിക്കുന്നതിന് ഓരോ ഭവനത്തിലും ചെലവ് കുറഞ്ഞ സംവിധാനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം ന ൽകേണ്ടതാണ്. പ്ലാസ്റ്റിക് ശേഖരിക്കുകയും അവ കൂട്ടിയിടുന്നതിനുള്ള സൗകര്യം ഉറപ്പാക്കി റീസൈക്കിളിംഗിനുള്ള സംവിധാനം ഉണ്ടാക്കാനും കഴിയണം. ശുദ്ധജലവും പൊതു ശുചിത്വവും സുസ്ത്ഥിര വികസന ലക്ഷ്യങ്ങളിൽ ഉൾച്ചേർന്നവയാണ്.

വിദ്യാഭ്യാസവും കലയും സംസ്കാരവും യുവജനകാര്യം

പ്രീ-പ്രൈമറി പ്രൈമറി സ്കൂളുകൾ ശിശുസൗഹൃദ സ്കൂൾ ആക്കുക. നവകേരളാ മിഷനിൽപ്പെട്ട ഒരു മിഷനാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. ഓരോ ക്ലാസ്സിലേയും കുട്ടികൾ ആർജിക്കേണ്ട പഠനവിഷയങ്ങളും പൊതു വിജ്ഞാനവും ആർജിച്ചുവെന്ന് ഉറപ്പു വരുത്താൻ കഴിയണം. കമ്പ്യൂട്ടർ സാക്ഷരത സാർവ്വത്രികമാക്കണം. സാക്ഷരത പ്രവർത്തനം ശക്തിപ്പെടുത്തി സമ്പൂർണ്ണ സാക്ഷരത കൈവരിക്കണം. വായന ശാലകളിലെ പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം ഉറപ്പാക്കേണ്ടതാണ്. എല്ലാ ഗ്രാമ വാർഡുകളിലും വായനശാലകൾ പ്രവർത്തിക്കുകയും ജനങ്ങളുടെയും കട്ടികളുടെയും വായനശീലം വളർത്തിയെടുക്കാൻ സഹായിക്കേണ്ടതുമാണ്. ആർട്സ്&സ്പോർട്സ് ക്ലബുകൾ വളരെ കുറച്ചുമാത്രമേയുള്ളു. യുവതീ യുവാക്കളുടെ കലാകായിക വാസനയെ വികസിഷിക്കാനും നാടിനു

മുതൽക്കൂട്ടാക്കാനും കഴിയുന്നില്ല എല്ലാ വാർഡുകളിലും ആർട്സ്&സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

പഞ്ചായത്തു റോഡുകൾ വൃത്തിയും വെടിപ്പുമുള്ള റോഡുകളാക്കി മാറ്റേണ്ടതാണ്. ഗതാഗതത്തിന് മാർഗ്ഗ തടസ്സം ഉണ്ടാക്കുന്ന മണൽ, പാറ, വിറക് എന്നിവ റോഡിൽ ശേഖരിക്കുന്നത് കർശനമായി തടയേണ്ടതുണ്ട്. അതുപോലെ റോഡ് കൈയ്യേറ്റം ഒഴിഷിക്കേണ്ടതും അത്യാവശ്യമാണ്. പ്രധാനജംഗ്ഷനുകളിൽ ആട്ടോ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉറപ്പാക്കണം. ഓയൂർ ബസ് സ്റ്റാന്റ്നുവേണ്ടി വാങ്ങിയ സ്ഥലത്ത് ബസ് സ്റ്റാന്റിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. സൗരോർജം ഉപയോഗപ്പെടുത്താൻ പ്രേരിഷിക്കത്തക്കവണ്ണം പഞ്ചായത്തു സ്ഥാപനങ്ങളിൽ സോളാർ പാനൽ നടപിലാക്കാവുന്നതാണ്. പരിക്ഷണാർത്ഥം കാറ്റാടി യന്ത്രം പ്രവർത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതുമാണ്. ഇത്തിക്കരയാറ്റിൽ മാമ്പുഴയിൽ മിനി ജല വൈദ്യുതി പദ്ധതിയുടെ സാധ്യതാപഠനം നടത്താവുന്നതാണ്. എല്ലാ ഇലക്ട്രീക് പോസ്റ്റിലും തെരുവുവിള ക്കുകൾ ആവശ്യായാനുസരണം സ്ഥാപിക്കേണ്ടതാണ്.

പട്ടികജാതി വികസനം

പട്ടികജാതി കുടുബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ ഭവനം, ഭക്ഷണം, കുടിവെള്ളം, വെളിച്ചം എന്നിവ പൂർണ്ണമായി ലഭിക്കണം. ചെറുകിട തൊഴിൽ സംരംഭങ്ങളിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം. എല്ലാ കുടുംബങ്ങളെയും കുടുംബശ്രീ അയൽകൂട്ടത്തിൽ അംഗങ്ങളാക്കണം. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കർമ്മ പരിപാടി ആവിഷ്കരിക്കണം. സർക്കാർ, അർദ്ധകസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റിൽ വെണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നില്ല. പി. എസ്. സി. നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് പരിശീലനം കൊടുത്ത് സജ്ജമാക്കേണ്ടതുണ്ട്. പ്രൊഫഷണൽ രംഗത്ത് നമ്മുടെ പഞ്ചായത്ത് പിന്നിലാണ്. ആ പോരായ്മ പരിഹരിക്കാൻ നമുക്ക് കഴിയണം. അതേ സമയം ഇവരുടെ ഇടയിലുള്ള മദ്യപാന ശീലം നിയന്ത്രിക്കുവാനുള്ള പരിശ്രമം ഉണ്ടാവേണ്ടതുണ്ട്. കിടപിലായ വയോജനങ്ങൾക്ക് സ്വാന്തന പരിചരണവും ആശ്വാസ നടപടികളും സ്വീകരിക്കണം. സ്ഥിരമായ വരുമാനം ലഭ്യമാക്കുന്നതിലൂടെമാത്രമേ ഇവരുടെ ജീവിത നിലവാരം ഉയർത്തികൊണ്ടുവരാൻ കഴിയൂ എന്ന വസ്തുതയ്ക്ക് പരിഹാരം കണേണ്ടതുണ്ട്.

അദ്ധ്യായം – 5

വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും
പൂഴ്പള്ളി ഗ്രാമപഞ്ചായത്ത്

ക്രമ നം	വിഭവ സ്രോതസ്സ്	പദ്ധതി തുക
1	വികസന ഫണ്ട് (ജനറൽ)	15050000
2	ധനകാര്യ കമ്മീഷൻ വിഹിതം	-
3	എസ്.പി.സി	7896000
4	റ്റി.എസ്.പി	0
5	മെയിന്റനൻസ് ഫണ്ട് - റോഡ്	8273000
6	മെയിന്റനൻസ് ഫണ്ട് - റോഡിതരം	4430000
7	മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം	5000000

നിർബന്ധമായും വകയിരുത്തേണ്ട മേഖല വിഭജനം

ക്രമ നം	മേഖല	പദ്ധതി തുക
1	പാർപ്പിടം (ലൈഫ് മിഷൻ)	4589200
2	ഉല്പാദന മേഖല	3010000
3	മാലിന്യ സംസ്ക്കരണം	300000
4	വനിതാഘടക പദ്ധതി	1993600
5	കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ	996800
6	വയോജനം	996800

മേഖലാ വിഭജനത്തിലല്ലാതെ നിർബന്ധമായും വകയിരുത്തേണ്ടവ

ക്രമ നം	പദ്ധതികൾ	പദ്ധതി തുക
1	അംഗൻവാടി പോഷകാഹാരം	1000000
2	പദ്ധതി രൂപീകരണം	200000
3	എസ്.എസ്. എ വിഹിതം	200000
4	ആശ്രയാ പദ്ധതി	100000
5	ഐ.കെ.എം വിഹിതം നൽകൽ	100000
6	പാലിയേറ്റീവ് കെയർ	1000000

നടപ്പ് വാർഷിക പദ്ധതിയിൽ നിർവ്വഹണം നടത്തി വരുന്ന പ്രോജക്ടുകളിൽ 2021 മാർച്ച് 31 ന് മുമ്പ് പൂർത്തിയാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവറായി തുടരുമ്പോൾ അവയ്ക്ക് വേണ്ടി സ്പിൽ ഓവർ വിഹിതം കണ്ടെത്തുന്നതിന് ഒരു നിശ്ചിത സംഖ്യ സ്പിൽ ഓവർ വിഹിതമായി മാറ്റിവക്കേണ്ടതുണ്ട്. ഇപ്പോൽ തന്നെ ഈ രീതിയിൽ തുക മാറ്റി വകയിരുത്തുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജ്കടുകൾ ഉപേക്ഷിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരാത്ത സാഹചര്യം ഒഴിവാക്കാൻ കഴിയും.

അദ്ധ്യായം – 6

പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

പ്രോനം	പ്രോജക്ടിന്റെ പേര്	വികസന ഫണ്ട്											മെയിന്റനൻസ് ഫണ്ട്			
		പൊതു വിഭാഗം	എസ്.സി.പി	ടി.എസ്.പി	ലോക ബാങ്ക	പ്രത്യേക ഗ്രാന്റ്	കേന്ദ്രാവിഷ്കൃത ഫണ്ട്	സംസ്ഥാനാവിഷ്കൃത ഫണ്ട്	തനത് ഫണ്ട്	മറ്റ് ഗ്രാമ പഞ്ചായത്തുകളിലെ വിഹിതം	മറ്റ് ബ്ലോക്ക് പഞ്ചായത്തിലെ വിഹിതം	മറ്റ് ജില്ലാ പഞ്ചായത്തിലെ വിഹിതം	റോഡിതരം	റോഡ്	മറ്റുള്ളവ	ആകെ
1	പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ്	0	0	0	0	0	0	0	200000	0	0	0	0	0	0	200000
2	ഐ.കെ.എം-നു തുക നൽകൽ	90000	0	0	0	0	0	0	10000	0	0	0	0	0	0	100000
3	കമ്പ്യൂട്ടറുകളുടെ അനുബന്ധ ഉപകരണങ്ങളുടെ എഎംസി	0	0	0	0	0	0	0	60000	0	0	0	0	0	0	60000
4	ഹോമിയോ മരുന്ന് വാങ്ങൽ	0	0	0	0	0	0	0	0	0	0	0	100000	0	0	100000
5	കന്നുകുട്ടി പരിപാലനം	625000	0	0	0	0	0	625000	0	0	0	0	0	0	125000	2500000
6	ജലജീവൻ മിഷൻ പദ്ധതി	500000	0	0	0	0	0	0	0	0	0	0	0	0	0	500000
7	തെരുവ് വിളക്കുകളുടെ പരിപാലനം	0	0	0	0	0	0	0	400000	0	0	0	0	0	0	400000
8	കമ്പ്യൂട്ടർ പ്രിൻറർ എന്നിവ വാങ്ങൽ	0	0	0	0	0	0	0	140000	0	0	0	0	0	0	140000

9	ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് സിസിറ്റി ഇൻറർകോം ടോക്കൺ സിസ്റ്റ് ടെലിവിഷൻറം എന്നിവ വാങ്ങൽ	0	0	0	0	0	0	0	250000	0	0	0	0	0	0	250000
10	പോത്ത്കുട്ടി വിതരണം (വനിത)	480000	0	0	0	0	0	0	0	0	0	0	0	0	480000	960000
11	14ാം പഞ്ചവത്സര പദ്ധതി രൂപീകരണം	0	0	0	0	0	0	0	200000	0	0	0	0	0	0	200000
12	പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ	0	0	0	0	0	0	0	400000	0	0	0	0	0	0	400000
14	ഹൈമാസ്റ്റ് മിനിമാസ്റ്റ് മെയിൻറനൻസ്	0	0	0	0	0	0	0	200000	0	0	0	0	0	0	200000
15	ജീവനം പദ്ധതി	100000	0	0	0	0	0	0	0	0	0	0	0	0	0	100000
16	സ്ട്രീറ്റ് മെയിൻ വലിക്കൽ	0	0	0	0	0	0	0	300000	0	0	0	0	0	0	300000
17	അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ	0	0	0	0	0	0	0	300000	0	0	0	0	0	0	300000
18	എ ബി സി പ്രോഗ്രാം	100000	0	0	0	0	0	0	0	0	0	0	100000	0	0	200000
19	പിഎച്ച്സി സബ് സെൻറിന് സ്ഥലം വാങ്ങൽ	0	0	0	0	0	0	0	200000	0	0	0	0	0	0	200000
20	ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്	0	0	0	0	0	0	0	100000	0	0	0	0	0	0	100000
21	പോസ്റ്റ് ഷിഫ്റ്റിംഗ്	0	0	0	0	0	0	0	100000	0	0	0	0	0	0	100000

22	അസിസ്റ്റൻറ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ	0	0	0	0	0	0	0	100000	0	0	0	0	0	0	100000
23	നിലാവ് പദ്ധതി	315000	0	0	0	0	0	0	0	0	0	0	0	0	0	315000
24	കോഴി വിതരണം ജനറൽ	240000	0	0	0	0	0	0	0	0	0	0	0	0	240000	480000
25	ലൈഫ് ജനറൽ	3528000	0	0	0	0	0	7972000	0	0	2000000	1500000	0	0	15000000	30000000
26	ബാലസഭ	50000	0	0	0	0	0	0	0	0	0	0	0	0	0	50000
27	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി	0	600000	0	0	0	0	0	0	0	0	0	0	0	0	600000
28	പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്	0	250000	0	0	0	0	0	0	0	0	0	0	0	0	250000
29	പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്	0	612000	0	0	0	0	0	0	0	0	0	0	0	0	612000
30	ജനകീയ ഹോട്ടൽ	200000	0	0	0	0	0	0	0	0	0	0	0	0	0	200000
31	അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി	1000000	0	0	0	0	650000	0	0	0	500000	250000	0	0	0	2400000
32	പട്ടികജാതി വിഭാഗത്തിലെ വൃക്ക ഹൃദയ രോഗികൾക്ക് പെട്ടിക്കട	0	100000	0	0	0	0	0	0	0	0	0	0	0	0	100000
33	ലൈഫ് പട്ടികജാതി	0	4904000	0	0	0	0	6000000	0	0	1500000	1500000	0	0	2359600	3750000

34	സമഗ്ര നെൽകൃഷി വികസനം	600000	0	0	0	0	0	0	0	0	0	0	0	0	0	600000
35	എസ് എസ് എ വിഹിതം	200000	0	0	0	0	0	0	0	0	0	0	0	0	0	200000
36	ജെൻറർ റിസോഴ്സ് സെൻറർ	50000	0	0	0	0	0	0	0	0	0	0	0	0	0	50000
37	ഓട്ടുമല അഗ്രോ ഇൻഡസ്ട്രീസിൽ എസ്സ്ി വനിതകൾക്ക് അപ്പാരൽ യൂണിറ്റ്	0	200000	0	0	0	0	0	0	0	0	0	0	0	0	200000
38	വനിതകൾക്ക് അപ്പാരൽ യൂണിറ്റ്	500000	0	0	0	0	0	0	0	0	0	0	0	0	0	500000
39	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	500000	0	0	0	0	0	0	0	0	0	500000	0	0	0	1000000
40	പോത്തുകുട്ടി വിതരണം പട്ടിക ജാതി വനിതാ	0	180000	0	0	0	0	0	0	0	0	0	0	0	60000	240000
41	ഹരിത കർമ്മ സേന വയബിലിറ്റി ഗാപ് ഫണ്ട്	350000	0	0	0	0	0	0	0	0	0	0	0	0	0	350000
42	സാക്ഷരത പദ്ധതി	0	0	0	0	0	0	0	100000	0	0	0	0	0	0	100000
43	ഭവന പുനരുദ്ധാരണം ജനറൽ	1000000	0	0	0	0	0	0	0	0	0	0	0	0	0	1000000
44	മൃഗാശുപത്രിക്കു മരുന്ന് വാങ്ങൽ	0	0	0	0	0	0	0	0	0	0	0	200000	0	0	200000
45	കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് (ജനറൽ)	250000	0	0	0	0	0	0	0	0	0	0	0	0	0	250000
46	മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്	500000	0	0	0	0	0	0	0	0	250000	250000	0	0	0	1000000

47	എസ് പി സി പദ്ധതി	0	0	0	0	0	0	0	50000	0	0	0	0	0	0	50000
48	കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് (എസ് സി പി)	0	50000	0	0	0	0	0	0	0	0	0	0	0	0	50000
49	ഭവന പുനരുദ്ധാരണം പട്ടികജാതി	0	1000000	0	0	0	0	0	0	0	0	0	0	0	0	1000000
51	പച്ചക്കറി കൃഷി വികസനം	100000	0	0	0	0	0	0	0	0	0	0	0	0	0	100000
52	അങ്കണവാടികളിൽ ഫർണിച്ചർ വാങ്ങൽ	0	0	0	0	0	0	0	0	0	0	0	100000	0	0	100000
53	സർക്കാർ എൽ പി സ്കൂളുകളിൽ കമ്പ്യൂട്ടർ, ഫർണീച്ചർ അനുബന്ധ സൗകര്യങ്ങൾ	0	0	0	0	0	0	0	0	0	0	0	100000	0	0	100000
54	ഫലവൃക്ഷതൈകൾ വിതരണം	100000	0	0	0	0	0	0	0	0	0	0	0	0	0	100000
55	വാഴകൃഷി വികസനം	100000	0	0	0	0	0	0	0	0	0	0	0	0	0	100000
56	കുറ്റിക്കുരുമുളക് കൃഷി	100000	0	0	0	0	0	0	0	0	0	0	0	0	0	100000
57	ആശ്രയ വീട് പുനരുദ്ധാരണം	100000	0	0	0	0	0	0	0	0	0	0	0	0	0	100000
58	കൃഷി ഓഫീസിന് കമ്പ്യൂട്ടറും ഫർണിച്ചറും	0	0	0	0	0	0	0	0	0	0	0	100000	0	0	100000
59	കുട്ടികൾക്ക് നീന്തൽ പരിശീലനം	100000	0	0	0	0	0	0	0	0	0	0	0	0	0	100000
60	മുന്നേറ്റംകുട്ടികൾക്ക് കായിക പരിശീലനം	0	0	0	0	0	0	0	50000	0	0	0	0	0	0	50000
61	വിവിധ വാർഡുകളിൽ കുഴൽകിണർ മോട്ടോർ അറ്റകുറ്റപണി	0	0	0	0	0	0	0	0	0	0	0	200000	0	0	200000
62	പി എം എ വൈ വിഹിതം	700000	0	0	0	0	0	0	0	0	0	0	0	0	0	700000

63	വയോജനങ്ങൾക്ക് കട്ടിൽ	300000	0	0	0	0	0	0	0	0	0	0	0	0	0	300000
64	ചാണകം ഉണക്കി പൊടിച്ച് ജൈവ യൂണിറ്റ്	160000	0	0	0	0	0	0	0	0	0	0	0	0	160000	320000
65	കറവ പശുക്കൾക്ക് ധാതുലവണ മിശ്രിതം	100000	0	0	0	0	0	0	0	0	0	0	0	0	0	100000
66	കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി ജനറൽ	500000	0	0	0	0	0	0	0	0	0	0	0	0	500000	1000000
67	ചെങ്കുളം തേക്കിൻക്കാട് പനമുകൾ റോഡ് ബേം കോൺക്രീറ്റിംഗ്	0	0	0	0	0	0	0	0	0	0	0	0	220000	0	220000
68	ചെങ്കുളം പുളിമുക്ക് വലിയപള്ളി റോഡ് കോൺക്രീറ്റിംഗ്	0	0	0	0	0	0	0	0	0	0	0	0	180000	0	180000
69	കൊട്ടറ ലക്ഷം വീട് കുളത്തൂർകാവ് ഏലാ റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 1	0	0	0	0	0	0	0	0	0	0	0	0	400000	0	400000
70	നാ?കവല റോഡ് റീ ടാറിംഗും ബേം കോ?ക്രീറ്റിഗും വാർഡ് 2	0	0	0	0	0	0	0	0	0	0	0	0	400000	0	400000
71	മുള്ളുകാട് പാറ റോഡ് മെയ്ന്റനൻസ് വാർഡ് 3	0	0	0	0	0	0	0	0	0	0	0	0	400000	0	400000
72	പഞ്ചായത്ത് ഓഫീസ് ഗവൺമെന്റ് ഹൈസ്കൂൾ റോഡ് ബേം കോൺക്രീറ്റിംഗ് വാർഡ് 4	0	0	0	0	0	0	0	0	0	0	0	0	1873000	0	1873000
73	മേടയിൽ കോണത്ത് റോഡ് റീകോൺക്രീറ്റിംഗ് വാർഡ്8	0	0	0	0	0	0	0	0	0	0	0	0	120000	0	120000
74	ബയോഫ്ളോക് മത്സ്യകൃഷി	73600	0	0	0	0	0	36800	0	0	0	0	0	0	165600	276000

75	മംഗലത്ത് നേതാജി റോഡ് റീകോൺക്രീറ്റിംഗ് വാർഡ് 8	0	0	0	0	0	0	0	0	0	0	0	0	280000	0	280000
76	കോഴിക്കോട് എൽ.പി.എസ് കാറ്റാടി റോഡ് റീകോൺക്രീറ്റിംഗ് വാർഡ് 9	0	0	0	0	0	0	0	0	0	0	0	0	100000	0	100000
77	മൈലോഡ് എച്ച് എസ് ജംഗ്ഷൻ നെല്ലിപ്പറമ്പ് ഏല റോഡ് പുണരുദ്ധാരണവും പാർശ്വഭിത്തി നിർമാണവും വാർഡ് 6 രണ്ടാം ഘട്ടം	0	0	0	0	0	0	0	0	0	0	0	0	200000	0	200000
78	മൈലോട് കരിക്കത്തിൽ കിണർമുക്ക് നെല്ലിപ്പറമ്പ് റോഡ് വാർഡ് 6	0	0	0	0	0	0	0	0	0	0	0	0	200000	0	200000
79	നെല്ലിപ്പറമ്പ് ക്ഷേത്രം ഓട്ടുമല റോഡ് റീ ടാറിങ്ങും ബേം കോൺക്രീറ്റിങ്ങും വാർഡ് 7	0	0	0	0	0	0	0	0	0	0	0	0	400000	0	400000
80	പട്ടാണിമുക്ക് അന്ത്രക്കോട് മുടിയൂ?ക്കോണം തെക്കേക്കര കോളനി റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 11	0	0	0	0	0	0	0	0	0	0	0	0	400000	0	400000
81	കുരിശുമൂട് പറോട് മുല്ലശ്ശേരി റോഡ് റീ കോൺക്രീറ്റിംഗ്	0	0	0	0	0	0	0	0	0	0	0	0	400000	0	400000
82	ആയുറ് വേദ മരുന്ന് വാങ്ങൽ	0	0	0	0	0	0	0	0	0	0	0	600000	0	0	600000
83	പുനർജ്ജനി (പാലിയേററീവ് കെയർ യൂണിറ്റ്)	1000000	0	0	0	0	0	0	0	0	0	0	0	0	0	1000000
84	പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ	0	0	0	0	0	0	0	0	0	0	0	700000	0	0	700000
85	പിഎച്ച്സി കിജൻസി ചലവുകൾ	0	0	0	0	0	0	0	0	0	0	0	150000	0	0	150000

86	ഇമ്മനുവേൽ ക്യാഷ് യൂ ഫാക്ടറി കല്ലിക്കൊണത്തു ഏല റോഡിൽ കലുങ്കു നിർമ്മാണം വാർഡ് 9	0	0	0	0	0	0	0	0	0	0	0	0	300000	0	300000
87	കോട്ടേക്കോണം ഏലാ റോഡിൽ കലുങ്ക് നിർമ്മാണം വാർഡ് 10	0	0	0	0	0	0	0	0	0	0	0	0	400000	0	400000
88	മരുതമൺപള്ളി കുറുമൻ മൂല സി എം എസ്സ് എൽ പി എസ്സ് റോഡ് റീ ടാറിങ്ങും ബേം കോൺക്രീറ്റിങ്ങും വാർഡ് 14	0	0	0	0	0	0	0	0	0	0	0	0	400000	0	400000
89	ചെപ്രമുക്ക് നെടുങ്ങോട് ഇടക്കുടി റോഡ് റീ ടാറിങ്ങും ബേം കോൺക്രീറ്റിങ്ങും വാർഡ് 15	0	0	0	0	0	0	0	0	0	0	0	0	400000	0	400000
90	പാലൂർക്കോണം മാടവന റോഡിൽ പാർശ്വഭിത്തി നിർമ്മാണവും റീ കോൺക്രീറ്റിങ്ങും വാർഡ് 16	0	0	0	0	0	0	0	0	0	0	0	0	150000	0	150000
91	തോട്ടത്തിൽ മാടവന ഏലാ റോഡിൽ കലുങ്കു നിർമ്മാണം വാർഡ് നം 16	0	0	0	0	0	0	0	0	0	0	0	0	250000	0	250000
92	മണ്ണാർകോണം ക്യാഷ്യൂ ഫാക്ടറി റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 4	0	0	0	0	0	0	0	0	0	0	0	0	100000	0	100000
93	പോലീസ് സ്റ്റേഷൻ കൊച്ചുമേടയിൽ റോഡ് റീ ടാറിങ് ബേം കോൺക്രീറ്റിംഗ് വാർഡ്4	0	0	0	0	0	0	0	0	0	0	0	0	300000	0	300000
94	പഞ്ചായത്തു കിണറുകളുടെ സംരക്ഷണം	0	0	0	0	0	0	0	0	0	0	0	100000	0	0	100000
95	പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്	0	0	0	0	0	0	0	200000	0	0	0	0	0	0	200000

96	പി എച്ച് സി യിൽ സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കലും റീ വായറിങ്ങും	0	0	0	0	0	0	0	0	0	0	0	500000	0	0	500000
97	പി എച്ച് സി മെയിന്റനൻസ്	0	0	0	0	0	0	0	0	0	0	0	400000	0	0	400000
98	അംഗനവാടികളുടെ മെയ്ന്റനൻസ്	0	0	0	0	0	0	0	0	0	0	0	405000	0	0	405000
99	സ്കൂളുകളുടെ അറ്റകുറ്റപണി	0	0	0	0	0	0	0	0	0	0	0	300000	0	0	300000
100	തഴഞ്ഞിയിൽ ലക്ഷംവീട് കോളനി റോഡ് ബേം കോൺക്രീറ്റിംഗ് വാർഡ് 5	0	0	0	0	0	0	0	0	0	0	0	0	130000	0	130000
101	കാഞ്ഞിരംപാറ പടിഞ്ഞാറേ കോളനി റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 5	0	0	0	0	0	0	0	0	0	0	0	0	270000	0	270000
102	ഹോമിയോ ഡിസ്പെൻസറി കെട്ടിടം മെയ്ന്റനൻസ്	0	0	0	0	0	0	0	0	0	0	0	150000	0	0	150000
103	ആർദ്ര കേരളം പദ്ധതി ഡോക്ടർ നഴ്സ് വേതനം	438400	0	0	0	0	0	0	0	0	0	0	0	0	0	438400
105	വയോമിത്രം ആയൂർവേദ മരുന്ന് വിതരണം	0	0	0	0	0	0	0	0	0	0	0	150000	0	0	150000
106	മൃഗാശുപത്രിയ്ക്ക് ഫർണിച്ചർ വാങ്ങൽ	0	0	0	0	0	0	0	0	0	0	0	75000	0	0	75000

അദ്ധ്യായം – 7

പ്രത്യേക പദ്ധതികൾ/പരിപാടികൾ

ക്ര. നം	നിർബന്ധമായി തുക വകയിരുത്തേണ്ട വിഭാഗത്തിന്റെ/ പരിപാടിയുടെ പേര്	വകയിരുത്തൽ തുക
1	അങ്കണവാടി പോഷകാഹാരം	1000000
2	ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്	500000
3	പി.എം.എ.വൈ ജനറൽ	700000
4	ഐ.കെ.എം വിഹിതം നൽകൽ	100000
5	എസ്.എസ്.എ വിഹിതം (ജനറൽ)	200000
6	പാലിയേറ്റീവ്	1000000
	ആകെ	**3500000**

അദ്ധ്യായം – 8
വായ്പ ബന്ധങ്ങൾ

2020-21 വാർഷിക പദ്ധതിയിൽ വായ്പ ബന്ധിതമായി നടത്തേണ്ട പദ്ധതികളെ സംബന്ധിച്ച് വിവിധ ധനകാര്യ സ്ഥാപന പ്രതിനിധികളുമായി നടത്തിയ ചർച്ചകളിൽ നിന്നും അനുകൂലമായ നിർദ്ദേശങ്ങളൊന്നും തന്നെ ഉരുത്തിരിഞ്ഞു വന്നിട്ടില്ല. വായ്പ ലഭ്യമാക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ വായ്പ കേന്ദ്രീകൃതമായ പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല.

അദ്ധ്യായം 9
സമഗ്ര പരിപാടികളും സംയോജന സാദ്ധ്യതകളും

പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതി , കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ പരിപാടികളുമായും പരമാവധി സംയോജിപ്പിച്ചു കൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനാണ് ശ്രമിച്ചിട്ടുണ്ട്. എല്ലാ ദേരിദ്ര്യ ലഘൂകരണ പരിപാടികളും കുടുംബശ്രീ യൂണിറ്റുകളുമായി സംയോദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അഗതി കുടുംബങ്ങളുടെ പരിചരണ - സേവന പാക്കേജ്, പദ്ധതി വിഹിത വിഭവങ്ങൾ, കുടുംബശ്രീ -സംസ്ഥാമ ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ വിഹിതവും കൂടി ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്.

പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം കേന്ദ്ര , സംസ്ഥാന സർക്കാരുകളുടെയും ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഗ്രാമ പഞ്ചായത്ത് വിഹിതവുമായി സംയോജിപ്പിച്ചു കൊണ്ട് നടപ്പിലാക്കുന്നത്. അതുപോലെ തന്നെ ക്ഷീര കർഷകർക്കുള്ള ആനുകൂല്യം ഭിന്നശേഷിക്കാരുടെ സഹായ ഉപകരണങ്ങൾ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്, അങ്കണവാടി പ്രവർത്തനങ്ങൾ എന്നിവയെല്ലാം ജില്ലാ ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് കൊണ്ടുള്ള സംയോജിത പ്രോജക്ടുകളാണ് വിച്ചിട്ടുള്ളത്.

കാർഷിക മേഖലയിലും മൃഗ സംരക്ഷണമെഖലയിലുള്ള പല പ്രോജക്ടുകളും കിണർ റീചാർജ്ജിംഗ് പോലുള്ള പ്രോജക്ടകളും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.കൂടാതെ ഭവന നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, ഉല്പാദനം എന്നീ മേഖലകളിലെ പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ വികസന മിഷനുകളായ ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ വികസന മിഷനുകളുമായി സംയോജിപ്പിച്ചാണ് നടപ്പാക്കുന്നത്.

അദ്ധ്യായം 10

മോണിറ്ററിംഗ്

പഞ്ചായത്ത് തല മോണിറ്ററിംഗ് സമിതി

പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ശക്തിയായി ഇടപെടേണ്ട ഒരു സംവിധാനമാണ് മോണിറ്ററിംഗ്. എന്നാൽ ദുർബലമായ ഓരു കണ്ണിയായി ഇന്നും അത് തുടരുന്നു. വർക്കിംഗ് ഗ്രൂപ്പിനാണ് ആ മേഖലയിലെ മോണിറ്ററിംഗ് ചുമതല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ടുകളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വേഗത്തിൽ കഴിയുന്നത് വർക്കിംഗ് ഗ്രൂപ്പിനാണ്. മാത്രവുമല്ല നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുന്ന വിവിധ തടസ്സങ്ങൾക്ക് ഉടനടി പരിഹാരം കാണാനും അവർക്ക് കഴിയുന്നു. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയതിനാലും അവർ തന്നെ മോണിറ്ററിംഗ് കമ്മിറ്റി ആകുന്നത് യുക്തിസഹമല്ലാത്തതിനാലും മോണിറ്ററിംഗ് കമ്മിറ്റി കൺവീനറായി മറ്റൊരു അംഗത്തെ നിശ്ചയിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിക്ക് ഈ അംഗത്തെ നിശ്ചയിക്കാവുന്നതാണ് .

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി ആവശ്യമാണ്. താഴെപ്പറയുന്നവർ അംഗങ്ങളായി പഞ്ചായത്ത് തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

- ചെയർമാൻ- ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്
- കൺവീനർ- ഗ്രാമപഞ്ചായത്ത് സെക്രട്ടറി
- അംഗങ്ങൾ- സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ ചെയർപേഴ്സൺ,മൂന്ന് മേഖലകളിൽ നിന്നും
  പഞ്ചായത്ത് നിശ്ചയിക്കുന്ന ഓരോ ഉദ്യോഗസ്ഥർ

ഉപസംഹാരം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത അനുഭവങ്ങളും പ്രായോഗികരയും പ്രവർത്തനങ്ങളിൽ ഇഴുകിച്ചേർന്നപ്പോൾ ഉണ്ടായ ആത്മ വിശ്വാസവും വ്യവസ്ഥ ചെയ്യപ്പെട്ട നിയമങ്ങളുമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നാലാം വർഷ പദ്ധതി പ്രവർത്തനങ്ങളുടെ ചാലകശക്തി. ജനപ്രതിന്ധികളും, ഉദ്യോഗസ്ഥരും, സന്നദ്ധ പ്രവർത്തകരും സ്വന്തം പഞ്ചായത്ത് പ്രദേശത്തിന്റെ അവികസിത മേഖലകളെ പരിശോധിച്ച് നിലവിൽ ലഭ്യമായ പുത്തനുണർവ്വിന്റേയും മാറ്റത്തിന്റേയും അനുഭവ സമ്പത്തോടെയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2021-22 വാർഷിക പദ്ധതി നടപ്പിലാക്കാൻ പോകുന്നത്. മുൻ പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളുടെ നേട്ടങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ദൗർബല്യങ്ങളും, പോരായ്മകളും തിരുത്തി സ്ഥായിയായ നേട്ടങ്ങൾ ഉറപ്പാക്കുന്നതിനും എല്ലാ വിഭാഗം ജനങ്ങളും യോജിച്ച് പുത്തൻ വികസന സംസ്കാരത്തിന്റെ ഒരു നല്ല നാളെയുടെ സൃഷ്ടിക്കായി ഒത്തുചേരാം കൂട്ടായി പ്രവർത്തിക്കാം.